2013 JULY | Vol.12 | Issue 7 | ₹15

# കെയ്റോസ്



# കാവൽമാലാഖമാർ ഒക്ടോബർ 2

'എന്റെ കാവൽമാലാഖ ഒരിക്കലും എന്നെ പിരിഞ്ഞിരുന്നില്ല ഞാൻ എന്തുപറയണം, പ്രാർഥിക്കണം എന്നെല്ലാം മാലാഖ എന്നോടു പറയുമായിരുന്നു'. *(വി.ജെമ്മ ഗൽഗാനി)*

'നിന്റെ കാവൽമാലാഖയെ നീ ബഹുമാനിക്കുക. മാലാഖയുടെ സംരക്ഷണത്തിന് നീ കൃതജ്ഞനായിരിക്കുക; മാലാഖയിൽ ശരണപ്പെടുക, മാലാഖയെ സ്നേഹിക്കുക, എല്ലാ വിഷമങ്ങളിലും വിപത്തുകളിലും പ്രലോഭനങ്ങളിലും മാലാഖയിലേക്കു തിരിഞ്ഞ് അപേക്ഷിക്കുക.' *(വി.ബെർണാർദ്)*



*The Guardian Angel - 1656 by artist Pietro da Cortona*

## കുമ്പസാരത്തിനൊരുക്കമായി കാവൽമാലാഖയോടുള്ള പ്രാർഥന

എന്നെ കാക്കുന്ന മാലാഖയേ, എന്നെ വിട്ടുപിരിയാത്ത എത്രയും ഉറപ്പുള്ള തുണയേ, ഞാൻ ചെയ്തിരിക്കുന്ന പാപങ്ങളെല്ലാം കണ്ടറിഞ്ഞ് സങ്കടപ്പെടുകയും എന്റെ സ്വഭാവദൂഷ്യം അറിഞ്ഞിട്ടും എന്നെ കൈവിടാതെ കാത്തു രക്ഷിക്കുകയും ചെയ്തുവരുന്നുവല്ലോ!

ആയതിനാൽ ഇപ്പോൾ ഞാൻ ചെയ്യുവാൻ പോകുന്ന കുമ്പസാരം കഠിനവിധിക്ക് ഹേതുവാകാതെ എന്റെ പാപങ്ങൾക്ക് പൊറുതിയും എന്റെ ആത്മികവ്യാധികൾക്ക് ശാന്തതയും ദുരിച്ഛകൾക്ക് അടക്കവും ഉണ്ടാകുന്നതിനും എനിക്കുവേണ്ടി അപേക്ഷിച്ചുകൊള്ളണമെന്ന് നിന്നോട് ഞാൻ പ്രാർഥിക്കുന്നു. ആമ്മേൻ.

## കാവൽമാലാഖയോടുള്ള പ്രാർഥന

ദൈവത്തിന്റെ മഹിമയുള്ള പ്രഭുവും എന്നെ ഭരിക്കാനായി ദൈവം എൽപിച്ച വിശ്വാസമുള്ള എന്റെ കാവൽക്കാരനുമായ പരിശുദ്ധ മാലാഖയേ !

അങ്ങേ ഞാൻ വാഴ്ത്തുന്നു. അയോഗ്യനായ എന്നെ ഇത്ര നാൾ ഇത്ര വിശ്വസ്തതയോടെ സഹായിക്കുകയും ആത്മാവിനേയും ശരീരത്തേയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന അങ്ങേക്കു ഞാനെത്രയോ കടക്കാരനാകുന്നു. ഞാൻ ദുഷ്ടശത്രുക്കളിൽ നിന്ന് രക്ഷിക്കപ്പെട്ട് ദൈവപ്രസാദവരത്തിൽ മരണത്തോളം നിലനിൽക്കാനും അങ്ങയോടുകൂടി സ്വർഗത്തിൽ നമ്മുടെ കർത്താവിനെ സദാകാലം സ്തുതിക്കാനുമായി എന്നെ അങ്ങേക്ക് ഏൽപിച്ചിരിക്കുന്നു... ആമ്മേൻ.

Prepared by Anisha V.J.

# മൂല്യങ്ങളെക്കുറിച്ച്

പ്രശസ്തരായ മലയാളികളിൽ പലരും നല്ലതല്ലാത്ത കാരണങ്ങളുടെ പേരിൽ വാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന കാലഘട്ടമാണിത്. ക്രിക്കറ്റ് താരം ശ്രീശാന്ത്, സിനിമാതാരം കലാഭവൻ മണി, ടിവി അവതാരക രഞ്ജിനി ഹരിദാസ്, നടി ലീനമരിയ പോൾ, രാഷ്ട്രീയ നേതാവും നടനുമായ ഗണേഷ്കുമാർ എന്നിവരെല്ലാം അക്കൂട്ടത്തിൽ പെടുന്നു. ഇവരിൽ ആരൊക്കെ യഥാർഥ കുറ്റവാളികളാണെന്നോ ചിലരൊക്കെ വേട്ടയാടപ്പെട്ടവരാണെന്നോ ഒന്നും തീരുമാനിക്കാനും തീർത്തുപറയാനും സമയമായിട്ടില്ല. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു എന്ന ചോദ്യം തീർച്ചയായും ചെന്നെത്തുന്നത് ഓരോരുത്തരുടെയും ജീവിതത്തെയും സ്വഭാവത്തെയും പെരുമാറ്റത്തെയും നിയന്ത്രിക്കുന്നമൂല്യങ്ങളെക്കുറിച്ചുള്ള ചിന്തയിലാണ്.

മൂല്യങ്ങൾ ഇല്ലാത്ത, നഷ്ടപ്പെടുന്ന, തെറ്റായ മൂല്യങ്ങൾക്ക്പ്രാധാന്യം ലഭിക്കുന്ന, നൻമയെയും ശരിയെയും തെറ്റായിചിത്രീകരിക്കുന്ന, എല്ലാവെളിച്ചവും തല്ലിക്കെടുത്തിയിട്ട് ഇരുട്ടാണെന്ന് നിലവിളിക്കുന്ന ഒരു കാലഘട്ടത്തിലാണോ നാം ജീവിക്കുന്നത്? ചെറിയ കുട്ടികളെ കളിപ്പിക്കുന്നതിലൂടെ പോലും അവരെ നാം കള്ളംപറയാൻ പഠിപ്പിക്കുകയാണോ എന്നുചോദിക്കുന്ന ഒരു കുറിപ്പ് വർഷങ്ങൾക്കുമുൻപ് വായിച്ചതോർക്കുന്നു. അന്നുവായിച്ച ഉദാഹരണമിതായിരുന്നു. കുട്ടിയുടെ മുൻപിൽഒരുകളിപ്പാട്ടമുണ്ട്. കുട്ടിയെ സന്തോഷിപ്പിക്കാനുള്ള ശ്രമത്തിൽ ആ കളിപ്പാട്ടമെടുത്ത് പിന്നിൽ മറച്ചുപിടിച്ചിട്ട് അതു കാക്ക കൊണ്ടുപോയി എന്നു പറയുന്നു. കുട്ടി കരയാൻ തുടങ്ങുമ്പോൾ കളിപ്പാട്ടം തിരികെകൊടുക്കുന്നു. ഈ കളി പലരിലൂടെ പലതവണ ആവർത്തിക്കപ്പെടുന്നു. കാക്ക കൊണ്ടുപോയി എന്ന കള്ളം കുട്ടിക്ക് കള്ളം പറയാം എന്ന തോന്നലും എങ്ങനെ കള്ളം പറയാം എന്ന പരിശീലനവും നൽകുന്നു. സത്യസന്ധതയ്ക്കും നൻമകൾക്കും ധാർമികതയ്ക്കും തീരെ പ്രാധാന്യമില്ലാത്ത ഒരു നാടായോ നമ്മുടേത്?



'ഏതെങ്കിലുംഭർത്താവ് ഭാര്യയോട് എന്നെങ്കിലും സത്യം പറഞ്ഞിട്ടുണ്ടോ'എന്ന ചോദ്യവുമായി കേരളത്തിലെ വിവാഹിതരായ എല്ലാപുരുഷൻമാരെയും കള്ളൻമാരാക്കുന്ന സിനിമാ പോസ്റ്റർ നാടുനീളെ ഒട്ടിച്ചിട്ടുണ്ട്. ഇത് ശരിയായില്ല എന്നുപറയാൻ പോലും ആരും തയാറാകാത്തെന്തുകൊണ്ടാണ്? അത് ശരിയാണെന്നു സമ്മതിക്കുന്നതുകൊണ്ടാണോ? എങ്ങനെയെങ്കിലും പണവും പ്രശസ്തിയും അധികാരവും സ്ഥാനമാനങ്ങളും ണ്ടാക്കിയാൽ മതിയെന്നു ചിന്തിക്കുന്നവരായോ നമ്മൾ? അറിവുമാത്രം പകരുന്ന, മൂല്യങ്ങളും ആദർശങ്ങളും വളർത്താത്ത ഇടങ്ങളായി നമ്മുടെ സ്കൂളുകളും കോളജുകളും മാറിയെങ്കിൽ അത് തീർച്ചയായും അപകടമാണ്.

പള്ളി, സൺഡേ സ്കൂൾ, സഭാ സംഘടനാ പ്രവർത്തനങ്ങൾ, നല്ലവായന, നല്ല സുഹൃത്തുക്കൾ എന്നിവയെല്ലാം നൻമനിറഞ്ഞ മൂല്യങ്ങൾ ജീവിതത്തിൽ നിറയ്ക്കാൻ സഹായകമാണ്.ചൊട്ടയിലെ ശീലം ചുടലവരെ എന്നൊക്കെ പറയാറുണ്ടല്ലോ. മൂല്യങ്ങളും ആദർശങ്ങളുമൊക്കെ ഏതുതലമുറയ്ക്കും പ്രസക്തമാണെങ്കിലും കുട്ടികളും യുവജനങ്ങളുമൊക്കെ നൻമയിൽ അടിയുറച്ചുവളരേണ്ടത് അടിയന്തര പ്രാധാന്യമുള്ളകാര്യം തന്നെ. മാതാപിതാക്കൾ, അധ്യാപകർ, സഭാനേതാക്കൻമാർ, സംഘടനാ പ്രവർത്തകർ എന്നിവർ മാത്രല്ല, ഭാവിപ്രതീക്ഷ നിറഞ്ഞതാകണമെന്നാഗ്രഹിക്കുന്ന എല്ലാവരും പ്രാർഥനയും പ്രവർത്തനവുമായി രംഗത്തിറങ്ങണം."മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ" മത്താ 5:16..

*സ്നേഹപൂർവം,* ***ചാക്കോച്ചൻ ഞാവള്ളിൽ***
*kairosmag@gmail.com*

Kairos Magazine | July 2013 | Vol.12 | Issue 7 | www.kairos.jesusyouth.org | facebook.com/Readkairos

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ-683 503. ഫോൺ: 0484 - 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ **180** | അഞ്ചു വർഷത്തേക്ക് ₹ **800** | വിദേശത്തേക്ക് ₹ **1500** (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി (KYCT Animator)** 9895840991, പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142, എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ് (KYCT Co-ordinator)** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513, അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയീസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജി ബാബു മമ്പള്ളിൽ** 9447742672, ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 94479 26098

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

## കത്തുകൾ

പ്രെയ്സ് ദ് ലോർഡ്,

ഞാൻ കെയ്റോസ് വായിച്ചുതുടങ്ങിയിട്ട് കുറച്ച് മാസങ്ങളേ ആയിട്ടുള്ളൂ. വളരെ അവിചാരിതമായി എന്റെ ഒരു സുഹൃത്താണ് എനിക്ക് മാസിക തന്നത്. അന്നുമുതൽ കെയ്റോസ് എനിക്ക് വളരെ പ്രിയപ്പെട്ടതാണ്. ഓരോ മാസവും കെയ്റോസെത്തുവാൻ കാത്തിരിക്കുകയാണ്. മലയാളം നന്നായിട്ടറിയില്ലെങ്കിലും എന്റെ മക്കൾക്കും ഇത് വായിക്കാൻ നല്ല താത്പര്യമാണ്. ഒമാനിലെ റസ്തക്കിൽ ഞങ്ങൾക്ക് ശക്തമായ ഒരു കൂട്ടായ്മയുണ്ട്. കെയ്റോസിനും പിന്നിൽ പ്രവർത്തിക്കുന്നവർക്കും എല്ലാവിധ ആശംസകളും പ്രാർഥനകളും.

*ജിബി മാത്യു*

### മാസിക മുടങ്ങാതെ ലഭിക്കാൻ

NO. 56789 JULY 2013

NAME ..............................

..............................

..............................

..............................

മേൽ വിലാസത്തിനു മുകളിൽ വരിസംഖ്യ തീരുന്ന വർഷവും മാസവും അവരുടെ രജിസ്റ്റർ നമ്പരും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ: NO. 48647 JULY 2013.

അതുകൊണ്ട് വരിസംഖ്യ തീരുന്നതിനു മുൻപേ പുതുക്കണമെന്ന് അഭ്യർഥിക്കുന്നു.

ജേക്കബ് കോച്ചേരി



# ഹൃദയത്തിന്റെ താക്കോൽ

ജിത്തു മോഷണത്തെ ഒരു കലയായി കാണുന്നകുട്ടിയാണ്. വീട്ടിലെ കുഞ്ഞുങ്ങളുടെ കാതിലെ കമ്മലും വളയുടെ ഭാഗങ്ങളും വിദഗ്ധമായി അടർത്തിയെടുത്തായിരുന്നു തുടക്കം. പിന്നീട് അയൽ വീടുകളിലെ മൊബൈൽ ഫോണുകളും, വിലപിടിച്ച സാധനങ്ങളും അപ്രത്യക്ഷമാകുന്നത് സംബന്ധിച്ച് പരാതികളും സംശയങ്ങളും വർധിച്ചു. ജിത്തുവിന്റെ കൂട്ടുകാരോടൊത്തുള്ള ചുറ്റിക്കറക്കവും ആർഭാടവും പേഴ്സിൽ കാണുന്ന പുത്തൻനോട്ടുകളും മാതാപിതാക്കൾ ആദ്യം ശ്രദ്ധിച്ചില്ല. അല്ലെങ്കിലും സാമൂഹിക പ്രവർത്തകനായ അവന്റെ ഡാഡിക്കതിന് സമയമില്ലായിരുന്നു. എന്നാൽ അയൽക്കാരുടെ പരാതി കൂടിവന്നപ്പോൾ അന്വേഷണം മുറുകി. അടുത്ത ദിവസം ജിത്തുവിനെ തൊണ്ടിയോടെ പിടികൂടി. ഇടത്തരം കത്തോലിക്കാ കുടുംബത്തിലെ ഈ കുട്ടിയുടെ ദുർനടപടികൾ കുടുംബാംഗങ്ങളെ ഒട്ടൊന്നുമല്ല വിഷമിപ്പിച്ചത്. ദേഷ്യംവന്ന പിതാവ് ബെൽറ്റ് ഊരി കുട്ടിയെ പ്രഹരിച്ചു. അടിയുടെ വേദനതെല്ലുപോലും പ്രകടിപ്പിക്കാതെ അവൻ ഡാഡിയുടെ മുഖത്തേക്ക് നോക്കി പല്ലിറുമ്മി. താൻ കുറ്റംചെയ്തിട്ടില്ലെന്ന് ആണയിട്ട് പറഞ്ഞുകൊണ്ടിരുന്നു. ഡാഡി അടിച്ച് തളർന്നിട്ടും വീര്യം വിടാതെ മകൻ നിന്നു.



പ്രശ്നം സ്കൂളിലെത്തി. പ്രധാന അധ്യാപിക കുട്ടിയോട് പെരുമാറിയത് വളരെ മാന്യമായിട്ടായിരുന്നു. കുട്ടിയുടെ പ്രായത്തെയും വ്യക്തിത്വത്തെയും മാനിച്ചുകൊണ്ട് അവന്റെ പ്രശ്നങ്ങളെ അനുഭാവപൂർവം അവന്റെ പക്ഷത്തുനിന്നുകേട്ടു. ഏതു കുറ്റകൃത്യത്തിനും പിന്നിൽ അതിലേക്കവനെ നയിച്ച ഒരുകാരണമുണ്ടാവണമല്ലോ. ആ കാരണത്തിന്റെ വേരുകൾ കണ്ടെത്തിയാൽ അതിൽ നിന്നും ആ കുട്ടിയെ രക്ഷിക്കാനും എളുപ്പമാണ്.

'എനിക്ക് പണത്തിനോട് ആർത്തിയുണ്ടായിട്ടല്ല ടീച്ചറേ ഞാൻ മോഷ്ടിക്കുന്നത്. എന്റെ ഡാഡിയോട് പ്രതികാരം ചെയ്യാനാണ്. അതിലൂടെ എനിക്കുണ്ടാകുന്ന സന്തോഷം ടീച്ചറിന് മനസ്സിലാവുമോന്നറിയില്ല.'

ചെറുപ്പം മുതൽ ചെറിയ കുറ്റത്തിനുപോലും മാരകമായി പ്രഹരിക്കുന്ന സ്വഭാവമായിരുന്നു അവന്റെ ഡാഡിയുടേത്. ഒരു കൂട്ടുകുടുംബത്തിന്റെ ശൈലിയിൽ സഹോദരന്മാരും അവരുടെ കുട്ടികളും ഒന്നിച്ചുതാമസിക്കുന്ന കുടുംബമായിരുന്നു. മറ്റ് കുടുംബാംഗങ്ങളുടെ മുന്നിൽ വച്ച് കഠിനമായി ശിക്ഷിക്കുന്നത്; ചിലപ്പോൾ കെട്ടിയിട്ടുപോലും തല്ലുന്നത് അവന് താങ്ങാവുന്നതിലപ്പുറമായിരുന്നു.

'ഡാഡി സമൂഹത്തിൽ വലിയസ്ഥാനമുള്ള ആളാണ്. എന്നാൽ സ്വന്തം മകൻ കള്ളനാണെന്ന് മറ്റുള്ളവർ അറിയുമ്പോൾ നാണക്കേടുണ്ടാകും. സമൂഹത്തിന്റെ മുന്നിൽ നാണം കെട്ട് തലകുനിയുന്നത് എനിക്കു കാണണം. നാണംകെടുന്നവന്റെ, അപമാനിക്കപ്പെടുന്നവന്റെ വേദന അങ്ങേരും ഒന്നറിയട്ടെ'.

പിതാവ് എത്രനിർബന്ധിച്ചിട്ടും തല്ലിയിട്ടും കുറ്റസമ്മതം നടത്താതിരുന്ന കുട്ടി അധ്യാപികയുടെ മുന്നിൽ തുറന്ന പുസ്തകമായത് ആ സമീപനത്തിന്റെ പ്രത്യേകത കൊണ്ടുമാത്രമാണ്. ഉപദേശിക്കാനും തല്ലാനും ആർക്കും കഴിയും. ഏറ്റവും എളുപ്പമുള്ള വഴി അതാണുതാനും, പക്ഷേ അതുകൊണ്ട് വിപരീത ഫലമേ ഉണ്ടാവൂ. കുട്ടിയുടെ പക്ഷത്തുനിന്ന് ചിന്തിക്കുകയും അവന്റെ സങ്കടങ്ങൾ മാനിച്ചുകൊണ്ട് സംസാരിക്കുമ്പോൾ കുട്ടിക്ക് നമ്മൾ സ്വീകാര്യനാവും. എല്ലാം ശസ്ത്രക്രിയ നടത്തി പുറത്തിട്ടാൽ മാത്രംപോരാ; അത്തരം പ്രശ്നങ്ങളെ സുഖപ്പെടുത്താൻകൂടി അധ്യാപകൻ ശ്രദ്ധിക്കണം. പ്രശ്നത്തിന്റെ രൂക്ഷഭാവം ഇപ്പോഴും അവനിൽ നിലനിൽക്കുന്നു. രണ്ടുപേർക്കും കൗൺസിലിങ് നൽകിയാണ് ടീച്ചർ ആ പ്രശ്നത്തിന് പരഹാരം കണ്ടെത്തിയത്. ഇങ്ങനെ ഹൃദയം തുറക്കുന്ന താക്കോലുകൾ സ്വന്തമായുള്ള അധ്യാപകനാണോ നിങ്ങൾ?

ഒരു വൈകാരിക പ്രശ്നത്തോട് ഓരോ കുട്ടിയുടെയും സമീപനം എത്ര വ്യത്യസ്തമാണ്. ഒരുവേള 'കള്ളൻ' എന്ന് വിധിയെഴുതിയേക്കാവുന്ന ആ കുട്ടിയുടെ മനസ്സറിഞ്ഞപ്പോൾ നമുക്ക് അവനോടു തോന്നാവുന്നത് വാത്സല്യമോ സഹതാപമോ ആണ്. മീഡിയയുടെ വളർച്ച പുതുതലമുറയെ മാറ്റിയെടുത്തിരിക്കുന്നു. പ്രവചിക്കാനാവാത്ത സ്വഭാവവിശേഷണങ്ങൾ – പ്രശ്നങ്ങൾ പ്രദർശിപ്പിച്ചാലും സ്നേഹപൂർവമായ ഒരു നോട്ടത്തിന്; സ്പർശനത്തിന് മുൻപിൽ ഉരുകിത്തീരാവുന്ന മഞ്ഞുമലകളേ അവരിലുള്ളു. കാരണം ദൈവം മനുഷ്യനെ സരളഹൃദയനായാണ് സൃഷ്ടിച്ചിരിക്കുന്നത്. ഉരുകിയ മനസ്സിനെ രൂപപ്പെടുത്തുകയാണ് ഒരു അധ്യാപികയുടെ/അധ്യാപകന്റെ ധർമം ■

**അനുഭവം**

സണ്ണി കോക്കാപ്പിള്ളിൽ

# 'എന്റെ രാജകുമാരി പറന്നുപോയപ്പോൾ'

നിഷ്ക്കളങ്കമായ ആ മുഖം ഒരിക്കൽക്കൂടി കാണാൻ കഴിഞ്ഞെങ്കിൽ! ആ സ്വരം ഒരിക്കൽക്കൂടി കാതുകൾക്ക് ഇമ്പമേകിയെങ്കിൽ! ആ സാന്നിധ്യം ഒരിക്കൽക്കൂടി ഹൃദയത്തിൽ കുളിർ മഴയായി പെയ്തിരുന്നുവെങ്കിൽ!!

എല്ലാം മോഹിപ്പിക്കുന്ന ആഗ്രഹങ്ങൾ മാത്രം. നമുക്ക് ആഗ്രഹിക്കാനല്ലേ കഴിയൂ. ദൈവ നിശ്ചയത്തോട് മറുതലിക്കുവാൻ നിവൃത്തിയില്ലല്ലോ. വിശുദ്ധി, ബുദ്ധി, പക്വത, സൗന്ദര്യം, ഇവയെല്ലാം കൂടിച്ചേർന്ന ഒരു മകളെയോർത്ത് ഏതൊരു പിതാവാണ് അഭിമാനിക്കാതിരിക്കുന്നത്? വില തീരാത്ത ഒരു നിധിയെ നൽകിയ അനന്ത കാരുണ്യവാനെയോർത്ത് ആയിരം സ്തുതികൾ അർപ്പിച്ചിട്ടുണ്ട്, അന്നും ഇന്നും. അനേകം പെൺകുട്ടികൾക്ക് മാർഗനിർദേശം നൽകി ശരിയായ വഴിയിലൂടെ ആനയിച്ചതിന് ദൈവം തന്ന സമ്മാനമാകാം എന്നോർത്ത് സന്തോഷിച്ചിട്ടുണ്ട്. പിതൃത്വം അതിന്റെ ശരിയായ നിലയിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞതിൽ അഭിമാനിച്ചിട്ടുമുണ്ട്.

ഏതു ചോദ്യത്തിനും അവൾക്കുത്തരമുണ്ടായിരുന്നു. ഏതു പ്രതിസന്ധിയിലും പരിഹാരമുണ്ടായിരുന്നു. തികച്ചും എനിക്കവൾ 'രാജകുമാരി'യായിരുന്നു.

ഏറെ വാത്സ്യലത്തോടെ വളർത്തിയ ഏകമകൾ മാതാപിതാക്കളെ തള്ളിപ്പറഞ്ഞ് അന്യമതക്കാരന്റെ കൂടെ ഇറങ്ങിപ്പോയ ഒരു സംഭവം എന്നെ വല്ലാതെ ഉലച്ചിരുന്നു. ആ പിതാവിന്റെ വേദന ഏറ്റു വാങ്ങിയാണ് 'എന്റെ രാജകുമാരി പറന്നുപോയി' എന്ന അനുഭവ വിവരണം ഞാൻ കെയ്റോസിൽ പ്രസിദ്ധീകരിച്ചത്. അതിലെ ഓരോ വരികളെഴുതുമ്പോഴും ആ പിതാവ് അനുഭവിച്ച ദുസ്സഹമായ വേദനയിലൂടെ ഞാനും കടന്നുപോയിരുന്നു. സൃഷ്ടിയുടെ നൊമ്പരമെന്ന് പറയാമെങ്കിലും പിന്നീടു സംഭവിക്കാനിരുന്ന എന്റെ 'രാജകുമാരി'യുടെ വേർപാടിന് അതെന്നെ ഒരുക്കുകയായിരുന്നോ? അത്തരം നിരവധി അനുഭവ വിവരണങ്ങൾ കൂട്ടിച്ചേർത്ത് ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചപ്പോൾ അതിന് 'എന്റെ രാജകുമാരി പറന്നുപോയി' എന്ന് പേരിടാൻ തീരുമാനിച്ചതിന്റെ പിന്നിൽ എന്തെങ്കിലും സൂചനകളുണ്ടായിരുന്നോ?



*"Jephtha's Daughter" by artist Boullogne*

ആദ്യമായി ബൈബിൾ മുഴുവനായി വായിച്ചപ്പോൾ ഏറ്റവും കൂടുതൽ എന്റെ മനസ്സിനെ തകർത്ത ഭാഗം ന്യായാധിപന്മാരുടെ പുസ്തകത്തിലെ 11-ാം അധ്യായമാണ്. അമ്മോന്യർക്കെതിരെ ഇസ്രായേലിനെ നയിച്ച ജപ്തായുടെ ചരിത്രം വായിച്ച് സഹിക്കവയ്യാതെ ഞാൻ കരഞ്ഞിട്ടുണ്ട്. ഏതാണ്ട് 20 വർഷം മുമ്പാണ്

ആ സംഭവം. പിന്നീടത് എന്റെ മനസ്സിനെ വല്ലാതെ മഥിക്കുമായിരുന്നു. പച്ചയിറച്ചിയിൽ കാരിരുമ്പാണി കുത്തിക്കയറുന്നതുപോലെ ഇടയ്ക്കിടെ എന്നെ ഒരു നിഴൽപോലെ പിൻതുടരുമായിരുന്നു.

...'കർത്താവിന്റെ ആത്മാവ് ജപ്തായുടെ മേൽ ആവസിച്ചു. അവൻ ഗിലയാദ്, മനാസ്സെ എന്നിവിടങ്ങളിൽക്കൂടി ഗിലയാദിലെ മിസ്പായിലേക്കു കടന്ന് അമ്മോന്യരുടെ ദേശത്തേക്കു പോയി. ജപ്താ കർത്താവിന് ഒരു നേർച്ച നേർന്നു. അങ്ങ് അമ്മോന്യരെ എന്റെ കൈയിൽ ഏൽപിക്കുമെങ്കിൽ ഞാൻ അവരെ തോൽപിച്ച് ജേതാവായി തിരികെ ചെല്ലുമ്പോൾ എന്നെ എതിരേൽക്കാൻ പടിവാതിൽക്കലേക്ക് ആദ്യം വരുന്നത് ആരായിരുന്നാലും അവൻ കർത്താവിന്റേതായിരിക്കും. ഞാൻ അവനെ ദഹനബലിയായി അവിടുത്തേക്ക് അർപ്പിക്കും. ജപ്താ യുദ്ധം ചെയ്യാൻ അമ്മോന്യരുടെ അതിർത്തി കടന്നു. കർത്താവ് അവരെ അവന്റെ കൈയിൽ ഏൽപിച്ചു. അരോവർ മുതൽ മിന്നിത്തിനു സമീപം വരെയും ആബേൽകെരാമിം വരെയും ഇരുപതു പട്ടണങ്ങളിൽ അവൻ അവരെ വകവരുത്തി; വലിയ കൂട്ടക്കൊല നടന്നു. അമ്മോന്യർ ഇസ്രായേലിനു കീഴടങ്ങി.

ജപ്താ മിസ്പായിലേക്കുള്ള തന്റെ വീട്ടിലേക്കു വന്നു. അതാ, അവന്റെ മകൾ തപ്പുകൊട്ടി നൃത്തം വച്ച് അവനെ എതിരേൽക്കാൻ വരുന്നു. അവൾ അവന്റെ ഏക സന്താനമായിരുന്നു. വേറെ മകനോ മകളോ അവനില്ലായിരുന്നു. അവളെ കണ്ടപ്പോൾ അവൻ വസ്ത്രം കീറിക്കൊണ്ടു പറഞ്ഞു: അയ്യോ! മകളേ, നീ എന്നെ ദു:ഖത്തിലാഴ്ത്തിയല്ലോ. നീ എന്നെ വല്ലാത്ത വിഷമത്തിലാക്കിയിരിക്കുന്നു. ഞാൻ കർത്താവിനു വാക്കുകൊടുത്തുപോയി. നേർച്ചയിൽ നിന്നു പിൻമാറാൻ എനിക്കു സാധിക്കുകയില്ല. അവൾ പറഞ്ഞു: പിതാവേ, അങ്ങു കർത്താവിനു വാക്കു കൊടുത്തെങ്കിൽ അതനുസരിച്ച് എന്നോടു ചെയ്തുകൊള്ളുക. കർത്താവ് ശത്രുക്കളായ അമ്മോന്യരോടു പ്രതികാരം ചെയ്തല്ലോ. അവൾ തുടർന്നു: ഒരു കാര്യം എനിക്കു ചെയ്തു തരണം. സഖിമാരോടൊത്ത് പർവതങ്ങളിൽ പോയി എന്റെ കന്യാത്വത്തെപ്രതി രണ്ടു മാസത്തേക്കു വിലപിക്കാൻ എന്നെ അനുവദിക്കണം. പൊയ്ക്കൊള്ളുക എന്നുപറഞ്ഞ് അവൻ രണ്ടു മാസത്തേക്ക് അവളെ അയച്ചു. അവൾ പർവതങ്ങളിൽ സഖിമാരോടൊപ്പം താമസിച്ച് തന്റെ കന്യാത്വത്തെപ്പറ്റി വിലപിച്ചു. രണ്ടു മാസം കഴിഞ്ഞ് അവൾ പിതാവിന്റെ പക്കലേക്കു തിരിച്ചുവന്നു. അവൻ നേർന്നിരുന്നതുപോലെ അവളോടു ചെയ്തു. അവൾ ഒരിക്കലും പുരുഷനെ അറിഞ്ഞിരുന്നില്ല. ഗിലയാദുകാരനായ ജപ്തായുടെ പുത്രിയെ ഓർത്ത് ഇസ്രായേൽ പുത്രിമാർ വർഷം തോറും നാലു ദിവസം കരയാൻ പോകുക പതിവായിത്തീർന്നു.' (ന്യായാധിപന്മാർ 11:29-40).

ഒരു പിതാവെന്ന നിലയിൽ ജപ്താ അനുഭവിച്ച വേദന ഞാൻ മനസ്സിലേറ്റുവാങ്ങിക്കൊണ്ടിരുന്നു. 2012 ഫെബ്രുവരി 25-ന് ശനിയാഴ്ച കോഴിക്കോട്ടു വച്ചുണ്ടായ ബസ്സപകടത്തിൽ ഇളയ മകൾ റോസ്മേരി ഈ ലോകത്തിൽ നിന്നും വേർപെട്ടപ്പോഴാണ് ഇതിന്റെയൊക്കെ അർഥം എനിക്കു മനസ്സിലാകുന്നത്.

മർക്കോസിന്റെ സുവിശേഷത്തിൽ 11-ാം അധ്യായം ഇങ്ങനെയാണ് ആരംഭിക്കുന്നത്:

'അവർ ജറുസലേമിനെ സമീപിക്കുകയായിരുന്നു. ഒലിവു മലയ്ക്കു സമീപമുള്ള ബേത്ഫഗെ, ബഥാനിയ എന്നീ സ്ഥലങ്ങൾക്കടുത്തെത്തിയപ്പോൾ അവൻ രണ്ടു ശിഷ്യന്മാരെ അയച്ചുകൊണ്ടു പറഞ്ഞു: എതിരേ കാണുന്ന ഗ്രാമത്തിലേക്കു ചെല്ലുവിൻ. അതിൽ പ്രവേശിക്കുമ്പോൾത്തന്നെ, ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും. അതിനെ അഴിച്ചുകൊണ്ടു വരുവിൻ. നിങ്ങളെന്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് ആരെങ്കിലും ചോദിച്ചാൽ, കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട് എന്നു പറയുക. അവർ പോയി, തെരുവിൽ ഒരു പടിവാതിൽക്കൽ ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കണ്ടു. അവർ അതിനെ അഴിക്കുമ്പോൾ അവിടെ നിന്നിരുന്നവർ അവരോടു ചോദിച്ചു: നിങ്ങളെന്തിനാണ് കഴുതക്കുട്ടിയെ അഴിക്കുന്നത്? യേശു പറഞ്ഞതുപോലെ ശിഷ്യന്മാർ മറുപടി പറഞ്ഞു. അതിനെ കൊണ്ടുപോകാൻ അവർ അനുവദിച്ചു. (മർക്കോ.11:1-6).

ജീവിച്ച കാലത്ത് 'രാജകുമാരി' നൽകിയ മധുരിക്കുന്ന ആയിരം ഓർമകൾ ഹൃദയത്തിൽ നൊമ്പരമുണർത്തുമ്പോഴും കർത്താവിന്റെ വചനം പ്രത്യാശയുടെ വെട്ടം തെളിക്കുന്നു, 'കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്' ■

## കവർസ്റ്റോറി



ഡോ.ജോസ് എ.പുളിക്കൽ

# നിധിപ്പറമ്പ്

കളിക്കളങ്ങളിലെ ഇടർച്ചകളെപ്പറ്റിയുള്ള വർത്തമാനങ്ങൾ കെട്ടടങ്ങിയിട്ടും ആ ദുരവസ്ഥ തുടരുകയാണ്. പ്രേഷകലക്ഷങ്ങളുടെ കണ്ണിലുണ്ണിയായി തിളങ്ങിയ ചില താരങ്ങൾ മുഖം മറച്ച് ജയിലറകളിലേക്കാണു നടന്നുനീങ്ങിയത്. പല വാർത്തകളും നമ്മെ നടുക്കുന്നുണ്ട്. ഒന്നും ഒറ്റപ്പെട്ട സംഭവങ്ങളായി എഴുതിത്തള്ളാനാകുന്നില്ല. ഏതോ കൊടുമുടിയിൽനിന്ന് അടർന്നുവീണുടയുന്ന ഗിരിശിഖരങ്ങൾപോലെ എത്രയോ ജീവിതങ്ങളാണ് തകർന്നടിയുന്നത് ഈ ആർത്തിയുടെ സംസ്കാരത്തിൽ.

സമൂഹത്തിന്റെ മുഖ്യധാരയിൽ ശോഭിച്ചിരുന്ന പല മുഖങ്ങളും മുഖംമൂടി അണിഞ്ഞവയായിരുന്നുവെന്ന് നമ്മൾ തിരിച്ചറിയുന്നു. പകൽമാന്യത ഇരുളിന്റെ മറവിൽ ഫണമുയർത്തിനിൽക്കുന്നതു ചിലപ്പോഴൊക്കെ പുറത്തുവരുന്നതു കാണാം. ഇടയ്ക്കിടെ ആവർത്തിക്കുന്ന ഇത്തരം അക്ഷരപ്പിഴവുകൾ പരിഹരിക്കാൻ നമ്മൾ ഗുരുസവിധത്തിലേക്കു തിരിയണം - ഉറവിടങ്ങളിലേക്കു മടങ്ങിയെത്തണം. ഗുരുമുഖത്തുനിന്നു ശ്രവിക്കുമ്പോഴാണല്ലോ നമ്മിൽ ബോധ്യങ്ങൾ പിറക്കുന്നത്.

യഥാർഥ നിധിപ്പറമ്പു കണ്ടെത്തിയവൻ തനിക്കുള്ളതെല്ലാം വിറ്റ് അതു വാങ്ങുന്നതിന്റെ പിന്നിലെ വിവേകത്തെപ്പറ്റി ഈശോ പറഞ്ഞുവയ്ക്കുന്നുണ്ട്. സ്വർഗരാജ്യമെന്ന അമൂല്യ നിധിശേഖരമാണിവിടെ പ്രതിപാദ്യവിഷയം. പക്ഷേ, ഇതു നാം ഈ ഭൂമുഖത്തുവച്ചു തന്നെ ജീവിച്ചു മുന്നേറേണ്ട ശിഷ്യത്വശൈലിയാണ്. സ്വർഗരാജ്യമെന്ന മൂല്യത്തിന്റെ മുമ്പിൽ ബാക്കിയെല്ലാം കേവലം കച്ചിത്തുരുമ്പുകൾ മാത്രം! 'ദൈവരാജ്യം നിങ്ങളിൽ തന്നെയാണ്' എന്ന ക്രിസ്തുമൊഴികളുടെ അർഥവും നാമിവിടെ ചേർത്തു വായിക്കണം. സമാന്തരസുവിശേഷങ്ങളുടെ കേന്ദ്രവിഷയം സ്വർഗരാജ്യവും അതിന്റെ ജീവിതശൈലിയുമാണെന്നു നാം മറക്കരുത്. പക്ഷേ, നമ്മുടെ തീർഥാടനവഴികളിൽ ആസക്തികളും വ്യഗ്രതകളും നമ്മെ പിടികൂടുന്നു. പലപ്പോഴും വല്ലാതെ ഉലച്ചുകളയുന്നു.

ആ പഴയ ടോൾസ്റ്റോയിക്കഥയിലെ കർഷകനെ ഓർമിക്കുന്നുണ്ടാകും. ദരിദ്രനായ കർഷകൻ രാജാവിന്റെ സമീപമെത്തി ഇത്തിരി കൃഷിയിടത്തിനുവേണ്ടി കെഞ്ചി. അനുകമ്പ തോന്നിയ രാജാവ് സമ്മതിച്ചു. പ്രഭാതം മുതൽ അന്തിവരെ ഓടിയെത്തുന്ന സ്ഥലം അയാൾക്കു സ്വന്തമാക്കാമെന്ന് അനുവാദം നല്കി. എന്നാൽ ഒരു നിബന്ധനയുണ്ട്. അന്തിമയങ്ങുംമുമ്പ് ഒരു നിശ്ചിത സമയത്ത്, ഓടിത്തുടങ്ങിയ സ്ഥലത്തുതന്നെ അയാൾ തിരികെയെത്തണം. ആർത്തിപൂണ്ട കർഷകൻ ഓട്ടമാരംഭിച്ചു. തിരിച്ചുവരേണ്ട

സമയത്തെപ്പറ്റി അയാൾ തെല്ലും ചിന്തിച്ചില്ല. ഉച്ചതിരിഞ്ഞ് സമയം ഏറെ വൈകിയിട്ടും തിരികെയോടാൻ അതിമോഹം അയാളെ അനുവദിച്ചില്ല. ഏതോ ഒരുവേള അയാൾക്കു ബോധമുണർന്നപ്പോൾ നേരം അന്തിയോടടുത്തിരുന്നു. കുതിച്ചും കിതച്ചും അയാൾ തിരിഞ്ഞോടി. അവസാനം രാജാവിന്റെ മുമ്പിൽവരെ ഓടിയെത്തി. പക്ഷേ, കർഷകൻ തളർന്നുവീണു മരിച്ചു. അയാൾക്കും കിട്ടി ആറടി മണ്ണ്!

ആർത്തിയുടെ സംസ്കാരം എങ്ങും പരക്കുമ്പോൾ കൈവിട്ടുപോകുന്ന മൂല്യങ്ങളെപ്പറ്റി നമുക്കറിവുണ്ടാകണം. എല്ലാം വെട്ടിപ്പിടിച്ചു വലുതാകാമെന്നു വ്യാമോഹിക്കുമ്പോൾ ഏറ്റവും അമൂല്യമായതു നഷ്ടമായാൽ...



ജീവിതത്തിന്റെ ലക്ഷ്യം പിഴച്ചാൽ, അർഥം തന്നെ അണഞ്ഞുപോയാൽ... ചെയ്തതു മുഴുവൻ പാഴ്വേലകളാകും. അലിഞ്ഞുതീരുന്ന മൺകട്ടപോലെ...

സ്നേഹത്തിന്റെ ഒരു സംസ്കൃതിയിലേക്കാണ് ക്രിസ്തു വിരൽചൂണ്ടുന്നത്. അവന്റെ ശിഷ്യത്വം വിഭാവനം ചെയ്യുന്ന ജീവിതദർശനങ്ങളുടെ അതുല്യശേഖരമാണ് മലയിലെ പ്രസംഗം (മത്താ 5-7). ഇതിനു സമാന്തരമായി ലൂക്കായുടെ സുവിശേഷത്തിലും ഇവയെല്ലാം സുന്ദരമായി അടുക്കിനിറച്ചിട്ടുണ്ട്. ആദ്യസുവിശേഷമനുസരിച്ച്, ഒരു ഹെബ്രായറബ്ബിയുടെ പാരമ്പര്യശൈലിയിൽ ഇരുന്നുകൊണ്ടു പഠിപ്പിക്കുന്ന ഈശോ ആധികാരികമായി പ്രബോധനം നൽകുന്നതു വ്യക്തമാണ്. ഇരുന്നുകൊണ്ടു പഠിപ്പിക്കുന്ന യഹൂദപാരമ്പര്യം ആധികാരിക പഠനത്തിനുപയോഗിക്കുന്ന ശൈലിയാണ്. മത്തായി സുവിശേഷം യഹൂദക്രിസ്ത്യാനികൾക്കുവേണ്ടി എഴുതപ്പെട്ടതാണല്ലോ. മിശിഹാ മലയിലേക്കു കയറിക്കൊണ്ടു പഠിപ്പിക്കുന്നത് നിയമദാതാവായ മോശയെ ഓർമിപ്പിക്കുന്നുണ്ട്. മോശവഴി നൽകപ്പെട്ട ദൈവനിയമങ്ങളെ ക്രിസ്തു പൂർത്തീകരിക്കുകയാണ്, ഇല്ലെന്നാക്കുകയല്ല. വ്യവസ്ഥകളില്ലാത്ത സ്നേഹത്തിന്റെ പുതിയ ശൈലി വിളമ്പിക്കൊണ്ടാണ് അവിടുന്ന് ഈ പൂർത്തീകരിക്കൽ സാധ്യമാക്കുന്നത്.

ലോകത്തിന്റെ കണ്ണിൽ ഭോഷത്തങ്ങളെന്നു വിലയിരുത്തപ്പെടുന്നതു പലതും ക്രിസ്തുവിന്റെ മിഴികളിൽ മുത്തുമണികളാണ്. അനുഗൃഹീതമായ ഒരു ദാരിദ്ര്യത്തെപ്പറ്റിയാണ് അവൻ പറഞ്ഞുതുടങ്ങുന്നത് (മത്താ 5:1). പിന്നെ, വൈരുദ്ധ്യങ്ങളെന്നു തോന്നിക്കുന്ന ഒരുപിടി ജീവിതദർശനങ്ങൾ അവൻ വാരിവിതറുന്നു. അവയൊക്കെ ഒരുക്കപ്പെട്ട ഹൃദയനിലങ്ങളിൽ കിളിർത്തുപൊന്തി ഫലം ചൂടി നില്ക്കാനുള്ളവയാണ്. തിരസ്കരിച്ചു തിരിഞ്ഞുനടക്കുന്നവർക്കെല്ലാം അവരറിയാത്ത കനത്ത നഷ്ടമാണ് പ്രതിഫലമെന്ന് മറുപുറം. ശത്രുവിനെ സ്നേഹിക്കാൻ, ശപിക്കുന്നവരെ അനുഗ്രഹിക്കാൻ, മേലങ്കി ചോദിക്കുന്നവന് കുപ്പായംകൂടി വിട്ടുനൽകാൻ കഴിയുന്ന ധാർമികത ലോകത്തിന് അന്യമാണ്.

കാൽവരിയിലെ കുരിശിൻചുവട്ടിലാണ്

ക്ഷമിക്കുന്ന സ്നേഹം പൂത്തുലയുന്നത്. നിരുപാധികം ക്ഷമിക്കാനും നിസ്വാർഥമായി സ്നേഹിക്കാനും സ്വയം മുറിച്ചു നല്കാനുമുള്ള പാഠശാല കാൽവരിയല്ലാതെ മറ്റേതുണ്ട്? മദർ തെരേസാ ഉൾപ്പെടെയുള്ള മഹത്വ്യക്തികളെല്ലാം പഠനം പൂർത്തിയാക്കിയത് ഈ സുകൃതഭൂമിയിലാണെന്നു മറന്നുകൂടാ. മലയിലെ പ്രസംഗത്തിന്റെ ആന്തരിക പ്രചോദനമാണ് മഹാത്മാഗാന്ധിയുടെ അഹിംസാദർശനങ്ങൾക്കു ജീവൻ പകർന്നതെന്ന് അദ്ദേഹം തന്നെ കുറിച്ചിട്ടു. ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം ഗാന്ധിജിക്ക് നിധിപ്പറമ്പായിരുന്നു.

ക്രിസ്തുവെന്ന ഗുരുവിന്റെ മനസ്സിൽ വിശാലമായ ഒരിടമുണ്ട്. ശത്രുവിനും പരദേശിക്കുമെല്ലാം വസിക്കാൻ മാത്രം തുറവിയുള്ള ഒരിടം. മരുഭൂമിയിലെ സന്യാസിയുടെ കുടിൽ തീർത്തും ചെറുതായിരുന്നു. ഒരാൾക്കുമാത്രം കിടന്നുറങ്ങാവുന്നത്ര ഇടുങ്ങിയത്. കോരിച്ചൊരിയുന്ന മഴനാളിലെ ഒരു രാവിൽ സന്ന്യാസിയുടെ കുടിലിന്റെ വാതിലിൽ ആരോ മുട്ടുന്ന ശബ്ദം. അയാൾ വാതിൽ തുറന്നപ്പോൾ നനഞ്ഞൊലിച്ചൊരു മനുഷ്യൻ അന്തിയുറങ്ങാൻ ഇടംതേടി വന്നിരിക്കുന്നു. സന്ന്യാസിപറഞ്ഞു: "സഹോദരാ, സ്വാഗതം. ഈ ചെറുകുടിലിൽ ഒരാൾക്കേ കിടന്നുറങ്ങാൻ ഇടമുള്ളൂ. എന്നാൽ രണ്ടുപേർക്ക് ഇരുന്നുറങ്ങാം." അവർ ഇരുന്നുറങ്ങി.

പാതിരാവിൽ വീണ്ടും ആരോ വാതിലിൽ മുട്ടുന്നു. അതാ, മറ്റൊരാൾകൂടി രാപ്പാർക്കാനിടം തേടിയെത്തിയിരിക്കുന്നു. ചെറുപുഞ്ചിരിയോടെ സന്ന്യാസി പറഞ്ഞു: "സ്വാഗതം. ഈ കുടിലിൽ ഒരാൾക്ക് കിടന്നുറങ്ങാനിടമുണ്ട്. ഇപ്പോൾ ഞങ്ങൾ രണ്ടുപേർ ഇരുന്നുറങ്ങുകയായിരുന്നു. ബുദ്ധിമുട്ടില്ലെങ്കിൽ നമുക്ക് മൂന്നുപേർക്കും നിന്നുറങ്ങി വിശ്രമിക്കാം." അന്നു രാത്രി മൂന്നുപേരും ഒരുമയോടെ നിന്നുറങ്ങി! ഇടമെന്നത് ചുമരുകൾ തമ്മിലുള്ള അകലമല്ല സുഹൃത്തേ, ഹൃദയത്തിന്റെ വിശാലതയാണ്. നമ്മെ വെറുക്കുന്നവർക്കും ഉപദ്രവിക്കുന്നവർക്കുപോലും ഹൃദയത്തിലിടം നൽകുന്ന ധാർമികതയാണ് ക്രിസ്തുശിഷ്യന്റേത്. അതിനുള്ളിലാണ് അനുഗ്രഹത്തിന്റെ നിധികുംഭം മറഞ്ഞുകിടക്കുന്നതും.

വീടിന്റെ സ്ക്വയർഫീറ്റുകൾ നാലായിരമോ അയ്യായിരമോ തികഞ്ഞാലും ബെഡ്റൂമുകൾ നിരവധിയെങ്കിലും അന്തിയുറങ്ങാനിടമില്ലാതെ പോകുന്നതാണ് ഗതികേട്. സഹജീവിയെ ഉൾക്കൊള്ളാനൊരിടം സ്വന്തമെന്നു നമ്മൾ പേരിട്ടുവിളിക്കുന്ന വീടിനുള്ളിൽ പോലും ഇല്ലാതെ വന്നാൽ... സമ്പാദ്യങ്ങളുടെ പൊക്കണം വീർത്തുവലുതായിക്കൊണ്ടിരിക്കുമ്പോഴും രക്തബന്ധങ്ങളും സ്വന്തങ്ങളുമുൾപ്പെടെ വീടിനുപുറത്താകുന്നതേറെ സങ്കടകരം. ആർക്കും ആരേയും സ്വീകരിക്കാനാവാത്തവിധം മനസ്സിടുങ്ങിപ്പോകുമ്പോൾ നാമൊക്കെ നിരാധാരരാകും. എല്ലാമുണ്ടെന്നു ചിന്തിക്കുമ്പോഴും ഒന്നുമില്ലാത്തവന്റെ ദുരവസ്ഥയിൽ കണ്ണീർച്ചാലൊഴുകുന്നു. മനസ്സിന്റെ ഭിത്തികളാണിനി നമ്മൾ പൊളിച്ചുപണിതു വിശാലമാക്കേണ്ടത്.

തടവറശുശ്രൂഷാമേഖലയിൽ ഞാൻ പ്രവർത്തിച്ചിരുന്ന കാലം. 'സ്നേഹാശ്രമം' എന്ന ജയിൽ വിമുക്തരുടെ റീഹാബിലിറ്റേഷൻ സെന്ററിന്റെ ചുമതല വഹിച്ചിരുന്ന നാളുകളിൽ ഒട്ടേറെ തകർന്ന ജീവിതങ്ങൾക്ക് ഹൃദയത്തിലിടം നൽകി സഹായിക്കാൻ കഴിഞ്ഞത് എന്റെ പച്ചകെടാത്ത ഓർമയാണ്. സുവിശേഷത്തിന്റെ അടയാളങ്ങൾ സവിശേഷമായി പകർന്നുനൽകാൻ ഈശോ ബലഹീനനായ എന്നെയും ഉപകരണമാക്കുകയായിരുന്നു; നന്ദി.

വിജയക്കുതിപ്പുകൾക്കിടയിൽ ആരും ആർക്കും സ്വന്തമല്ലാതാകുന്നത് കാലികക്കാഴ്ചയിലെ വിലാപമാണ്. നിലനിൽപിന്റെ സമവാക്യങ്ങൾ പലതും പലവിധമാണ്. I rebel, therefore I exist എന്നു ശഠിക്കുന്നതും I compromise, therefore I exist എന്നു ചിന്തിക്കുന്നതും അപകടകരമായ വിപത്തിലേക്കാണ് വഴിതെളിക്കുന്നത്. ഇത്തരം വികലവീക്ഷ്ണങ്ങളാണ് വിപണിയിലേറെയും. എന്തിനെയും തച്ചുടച്ച്, പോരടിക്കുന്ന ശൈലി ഒരുഭാഗത്തു കൊഴുക്കുമ്പോൾ മറുവശത്ത് ഏതു തിന്മയോടും സമരസപ്പെടാൻ മനുഷ്യൻ മടിക്കുന്നില്ല. ഒരു തിരിച്ചുനടപ്പിനുള്ള സമയമെത്തിക്കഴിഞ്ഞു. ക്രിസ്തുവെന്ന ആദിഗുരുവിന്റെ സ്വരം ഉച്ചത്തിൽ മുഴങ്ങുന്നുണ്ട് ചങ്ങാതീ. സമാനതകളില്ലാത്ത ഒരു വെല്ലുവിളി... ■

*(കാഞ്ഞിരപ്പള്ളി രൂപതയുടെ വികാരി ജനറാളാണ് ലേഖകൻ)*

ജോബി തോമസ് എം.ടെക്ക്, കട്ടപ്പന




# മില്ലറുടെ പരീക്ഷണം പരിണാമത്തിനുള്ള തെളിവോ?

ഒരു ജീവിയുടെ ശരീരനിർമിതിയിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണ് പ്രോട്ടീനുകൾ എന്ന പേരിൽ അറിയപ്പെടുന്ന വലിയ തന്മാത്രകൾ. 'അമിനോ ആസിഡുകൾ' എന്ന വിഭാഗത്തിൽപ്പെട്ട താരതമ്യേന ചെറിയ തന്മാത്രകൾ ഒരു ചങ്ങലയിൽ എന്നതുപോലെ ഒന്നിനോടൊന്ന് ബന്ധിപ്പിച്ചാണ് പ്രോട്ടീൻ തന്മാത്രകൾ നിർമിക്കപ്പെട്ടിരിക്കുന്നത്. ഒരു ശരാശരി പ്രോട്ടീൻ തന്മാത്രയിൽ നൂറുകണക്കിന് അമിനോ ആസിഡ് തന്മാത്രകൾ കാണപ്പെടും.

ഭൂമിയിലെ ആദ്യകാലസമുദ്രത്തിൽ, അത്യാവശ്യം വേണ്ട പദാർഥങ്ങൾ തികച്ചും യാദൃച്ഛികമായി തനിയെ അടുത്തുകൂടി ഒത്തുചേർന്ന് ആദ്യത്തെ ജീവരൂപം ഉണ്ടായി എന്ന രീതിയിലാണ് ശാസ്ത്രം ചിന്തിക്കുന്നത്. ഇങ്ങനെ അടുത്തുകൂടിയ പദാർഥങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് പ്രോട്ടീനുകൾ ആയിരിക്കണമല്ലോ.

1953-ൽ സ്റ്റാൻലി മില്ലർ എന്ന ശാസ്ത്രജ്ഞൻ ഒരു പരീക്ഷണനാളിയിൽ അമോണിയ, ഹൈഡ്രജൻ, മീതൈൻ, ജലബാഷ്പം എന്നീ വാതകങ്ങൾ ചംക്രമണം ചെയ്യുകയും അവയിലേക്ക് ഇലക്ട്രിക് സ്പാർക്കുകൾ കടത്തിവിടുകയും ചെയ്തു. ഭൂമിയിലെ ആദ്യകാല അന്തരീക്ഷത്തിൽ മേൽപറഞ്ഞ വാതകങ്ങളാണ് ഉണ്ടായിരുന്നത് എന്നതായിരുന്നു അദ്ദേഹത്തിന്റെ അനുമാനം. അതുപോലെ, ആദ്യകാല അന്തരീക്ഷത്തിൽ ഉണ്ടായിരുന്ന ഇടിമിന്നലിനെ അനുകരിക്കുക എന്നതായിരുന്നു ഇലക്ട്രിക് സ്പാർക്കുകളുടെ ലക്ഷ്യം. ഒരാഴ്ച കഴിഞ്ഞപ്പോൾ പരീക്ഷണനാളിയിൽ കുറച്ച് അമിനോ ആസിഡുകൾ രൂപപ്പെട്ടു.



അമിനോ ആസിഡുകളെ 'ഇടത്തുവശ അമിനോ ആസിഡുകൾ' (Left handed aminoacid - LHA) എന്നും 'വലത്തുവശ അമിനോ ആസിഡുകൾ' (Right handed aminoacid - RHA) എന്നും രണ്ടു വിഭാഗങ്ങളായി തിരിക്കാം. ലബോറട്ടറിയിൽ അമിനോ ആസിഡുകൾ ഉത്പാദിപ്പിക്കപ്പെടുന്ന ഏതു പരീക്ഷണം നടത്തിയാലും എപ്പോഴും നമുക്കു ലഭിക്കുന്നത് 50% LHA കളുടെയും 50% RHA കളുടെയും ഒരു മിശ്രിതം മാത്രമായിരിക്കും. ഭൂമിയിലെ ആദ്യകാലപരിസ്ഥിതിയുടെ ഒരു അനുകരണമാണ് മില്ലറുടെ പരീക്ഷണം എന്നിരിക്കട്ടെ. അങ്ങനെയെങ്കിൽ ആദ്യകാല സമുദ്രത്തിൽ ഉണ്ടായിരുന്നത് പകുതി LHA കളുടെയും പകുതി RHA കളുടെയും ഒരു മിശ്രിതമായിരുന്നു എന്ന് വ്യക്തമാണല്ലോ.

LHA തന്മാത്രകൾ മാത്രമുപയോഗിച്ചും, RHA തന്മാത്രകൾ മാത്രമുപയോഗിച്ചും, LHA തന്മാത്രകളും RHA തന്മാത്രകളും കൂട്ടിക്കലർത്തിയും പ്രോട്ടീൻ തന്മാത്രകൾ നിർമിക്കാം. എന്നാൽ നമ്മെ അതിശയിപ്പിക്കുന്ന വസ്തുത, സസ്യജന്തുജാലങ്ങളുടെ ശരീരത്തിൽ കാണപ്പെടുന്ന ആയിരക്കണക്കിനു തരം പ്രോട്ടീനുകൾ എല്ലാം LHA തന്മാത്രകൾ മാത്രമുപയോഗിച്ച് നിർമിക്കപ്പെട്ടിട്ടുള്ളവയാണ് എന്നതത്രേ. ഒരു ബാക്ടീരിയാ കോശത്തിൽപോലും നൂറുകണക്കിന് പ്രോട്ടീനുകൾ ഉണ്ട്. പകുതി LHA കളും പകുതി RHA കളും നിറഞ്ഞുനിന്നിരുന്ന ആദ്യകാലസമുദ്രത്തിൽ എങ്ങനെ LHA തന്മാത്രകൾ മാത്രമുപയോഗിച്ചുകൊണ്ടുള്ള പ്രോട്ടീനുകൾ രൂപപ്പെടുകയും അവ തനിയെ അടുത്തുവന്ന് ആദ്യത്തെ ജീവരൂപം ഉടലെടുക്കുകയും ചെയ്തു? പരിണാമശാസ്ത്രത്തിന് ഉത്തരം നൽകാൻ ഏറെ ബുദ്ധിമുട്ടുള്ള ഒരു ചോദ്യമാണിത് ■



## കവർസ്റ്റോറി

ബിനോ പി.ജോസ്

# അനീതിയുടെ സുന്ദരവദനങ്ങൾ

'സമൂഹമായി ജീവിച്ചു നീക്കിയ പതിനായിരം കൊല്ലങ്ങളിൽ മനുഷ്യർ ഒരുപാടു നിയമങ്ങളും വഴക്കങ്ങളും പതിവുകളും സൃഷ്ടിച്ചിട്ടുണ്ട്.... നീതി/പാലിക്കാൻ വേണ്ടിയുണ്ടാക്കിയവയാണെ ങ്കിലും അവയിൽ പലതും പിന്നീട് നീതിക്കു വിരുദ്ധമായി ഭവിച്ചു. വഴക്കങ്ങളെ എപ്പോഴും ആശ്രയിച്ചുകൊണ്ടിരുന്നാൽ നാം തെറ്റുകളെ ആവർത്തിക്കുകയായിരിക്കും പലപ്പോഴും ചെയ്യുക. വഴക്കങ്ങളെ കണക്കിലെടുക്കാതെ, എല്ലാത്തിനെ യും പുതിയതെന്ന മട്ടിൽ നോക്കിക്കാണുന്ന കുറച്ചു മനുഷ്യരും ഉണ്ടായിരിക്കണം. ഓരോ കാലത്തും വശങ്ങളിൽ നിന്നു കടന്നുവന്നവർ, മക്കളും മക്കളുടെ മക്കളുമായി നീളുന്ന പരമ്പര യിൽ ആരുടെയും മക്കളല്ലാത്ത ചിലർ ചരിത്ര ത്തെയും പശ്ചാത്തലത്തെയും സാധ്യതകളെയും വകവയ്ക്കാതെ മുമ്പിലുള്ളതിനെ മുമ്പിലുള്ള സന്ദർഭത്തിന്റെ മാത്രം വെളിച്ചത്തിൽ കറുപ്പും വെളുപ്പുമായി തിരിക്കാൻ തയാറുള്ളവർ.'

*(ആനന്ദ്, മരുഭൂമികൾ ഉണ്ടാകുന്നത്)*

അജ്മൽ കസബ്. ഇന്ത്യയുടെ അഭിമാനം ചോദ്യം ചെയ്തുകൊണ്ടു മുംബൈ താജിൽ സംഹാരതാണ്ഡവമാ ടിയ കൊടും ഭീകരൻ. അയാളെ തൂക്കിലേ റ്റിയ ദിവസം നമ്മുടെ ദേശാഭിമാനം കുതി ച്ചുയർന്നു. നമ്മുടെ പത്രങ്ങൾ ദേശാഭിമാനം പ്രഖ്യാപിച്ച് ലേഖനങ്ങളും ഫീച്ചറുകളും ധാരാളം എഴുതി. വിവരണങ്ങളിൽ ഇങ്ങനെ യും കണ്ടു.

- കസബ് അതിദരിദ്രമായ പശ്ചാത്തലം ഉള്ളവൻ

- വിദ്യാഭ്യാസം തീരെക്കുറവ്

- കുഴഞ്ഞുമറിഞ്ഞ അസ്വസ്ഥമായ രാഷ്ട്രീ യപശ്ചാത്തലമുള്ള നാട്

- തൊഴിലില്ലായ്മ, ദാരിദ്ര്യം, പട്ടിണി, അജ്ഞാനം

- തഴച്ചുവളരുന്ന ഭീകരവാദം, തീവ്രവാദം

- തീവ്രവാദവും ഭീകരവാദവും പ്രോത്സാഹി പ്പിച്ച് ആയുധം വിറ്റ് പണം വാരുന്ന അന്തർദേ ശീയ ആയുധസംഘങ്ങൾ

- ഭീകരതയെ വളർത്തിയും വെടിവച്ചും കളി തുടരുന്ന ലോകപോലീസ് രാഷ്ട്രങ്ങൾ...

അപ്പോൾ കസബ് വേട്ടക്കാരനാണോ, ഇര യാണോ? ഇരയാണെങ്കിൽ ആരാണ് യഥാർഥ വേട്ടക്കാരൻ? ഏതെങ്കിലും ഒരു വ്യക്തിക്കോ സംഘടനയ്ക്കോ അപ്പുറം വളരെ സങ്കീർണ മായ ഒരു സംവിധാനത്തിന്റെ അനീതിയുടെ ഇര കൂടിയല്ലേ കസബ്? അയാളുടെ കുടുംബ വും? അപ്പോൾ കസബിന്റെ വെടിയേറ്റു വീണവരും അയാളെ ജയിലിൽ സൂക്ഷിച്ച ഓരോ ദിവസവും അതിനായി കോടികൾ നികുതിയായി ഒടുക്കിയ ഇന്ത്യയിലെ പട്ടിണിക്കാരുമോ? അവരും അനീതിയുടെ ഇരകൾ തന്നെയല്ലേ ?

അനീതിയുടെ സംവിധാനം എത്രമാത്രം സങ്കീർണവും കപടവുമാണ്.

മനുഷ്യൻ സമൂഹമായി ജീവിച്ചുതുടങ്ങിയ നാളിൽ തന്നെ നീതി എന്ന ആശയവും പ്ര സക്തമായി. ഓരോരുത്തർക്കും അർഹ തപ്പെട്ടത് ഉചിതമായ സമയത്ത് ലഭ്യമാ കുന്നതാണ് നീതി. അർഹമായ നന്മ ലഭി ക്കാതെ പോകുന്നതും, അനർഹമായ പീഢ താങ്ങേണ്ടി വരുന്നതും അനീതി, നീതി എന്ന ആശയം ജനിച്ചപ്പോൾ തന്നെ അനീതി എന്ന യാഥാർഥ്യവും ജനിച്ചിരിക്ക ണം. എന്നു നിശ്ചയം.

നീതിയും അനീതിയും ഉണ്ടാകുന്നത് മനു ഷ്യൻ ഉൾപ്പെടുന്ന വ്യാപാരങ്ങളിൽ മാത്രമാ ണ്. കടുവ മാനിനെ ആക്രമിക്കുന്നത് അനീ തി ആകുന്നില്ല. അനീതിയായി മാനിനു പോലും അത് അനുഭവപ്പെടുന്നുമില്ല. കടുവ വിശക്കുമ്പോൾ മാത്രം വേട്ടയാടുകയും അത് അറിയാവുന്ന മാൻ വയറുനിറഞ്ഞു വിശ്ര മിക്കുന്ന കടുവയുടെ അടുത്ത് ഭയക്കാതെ മേയുകയും ചെയ്യുന്നു. സഹജവാസന കൾക്ക് വിധേയമായ മൃഗജീവിതത്തിൽ അനീതിയില്ല. മനുഷ്യന് ബുദ്ധിയും കഴിവും ഉപയോഗിച്ച് അനർഹമായതു പിടിച്ചു പറ്റാനു ള്ള ക്ഷമതയുണ്ട്. അവന്റെ ആവശ്യങ്ങൾ ആശകളായി പരിണമിക്കുകയും അത് അന്യന്റെ അവകാശങ്ങളിലേക്കു നീളുന്ന ആർത്തിയാകുകയും ചെയ്യുമ്പോൾ അനീ തിക്കു കളമൊരുക്കുന്നു.

അനീതിക്ക് ചരിത്രാതീത കാലത്തു നിന്ന് ഇന്നിലേക്കു നീളുന്ന ഒരു തുടർച്ചയുണ്ട്. അമിത നികുതി പിരിക്കുന്ന രാജാവ്, കൂലി അർഹമായ അളവിൽ നൽകാത്ത മുതലാളി, അന്യായപ്പലിശക്കാരൻ, അഴിമതിക്കാരൻ, കൈക്കൂലിക്കാരൻ, ഭാര്യാമർദകൻ, മനുഷ്യാ വകാശധ്വംസകർ എന്നിങ്ങനെ നേരിട്ടുകാ ണാവുന്ന അനീതിക്കാരുടെ പട്ടിക. എന്നും അതീദീർഘമായിരുന്നു.

സംഘടിതമായ അനീതിയുടെ മുഖം കൂടുതൽ ഭീകരവും ഭീഷണവുമാണ്. ആ മുഖത്തിന് എണ്ണമറ്റ ഭാവങ്ങളുമുണ്ട്. ചില ഉദാഹരണങ്ങൾ മാത്രം:

– അർധപട്ടിണിക്കാരൻ തൊഴിലാളി പകലന്തിയോളം പണിയെടുക്കുന്നു. അവന്റെ അധ്വാനത്തിന്റെ ഫലം പലരും അനുഭവിക്കുന്നു.

അവനു ലഭിക്കുന്ന പ്രതിഫലത്തിൽ ഏറെയും ബിവറേജസ് കോർപറേഷനിലൂടെ സർക്കാർ വിലാസത്തിൽ എത്തുന്നു. അത് താരതമ്യേന ഉന്നതവും സ്വാശ്രയത്വവുള്ളതുമായ സുരക്ഷിത സമ്പദ് വിഭാഗങ്ങൾക്കിടയിൽ വീതിക്കപ്പെടുന്നു. ക്രമേണ അധ്വാനശേഷിയും അതിന്റെ പ്രതിഫലമായി നേടിയതും നഷ്ടപ്പെടുന്നവൻ ആശുപത്രിക്കിടക്കയിലെത്തുമ്പോൾ വീണ്ടും അവനിൽ നിന്ന് അർഹതയില്ലാത്തതു പിഴിഞ്ഞെടുക്കപ്പെടുന്നു.

– കുടുംബംപോലും ആയിരം നന്മകളുടെ കേദാരമെങ്കിലും ഒട്ടേറെ അനീതികൾക്ക് ഇടം കൂടിയാണ്. അർഹമായ സ്നേഹവും ശ്രദ്ധയും ലാളനയും പരിപാലനവും ലഭിക്കാത്ത കുട്ടി, അംഗീകാരം ലഭിക്കാത്ത ഭാര്യ, ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീ, ഉത്തരവാദിത്വങ്ങൾക്കൊത്ത പ്രതിനന്ദി ലഭിക്കാത്ത കുടുംബനാഥൻ, അവഗണിക്കപ്പെടുന്ന പ്രായമായവർ എന്നിങ്ങനെ അനീതിയുടെ മുഖങ്ങൾ കുടുംബമെന്ന സംവിധാനത്തിൽ നിലനിൽക്കുന്നത് കാണാൻ കണ്ണിന് ഏറെ തെളിമയൊന്നും ആവശ്യമില്ല.

– മാനുഷിക സംവിധാനങ്ങളിൽ നീതി ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം പേറുന്ന പരമാധികാരസംവിധാനം സ്റ്റേറ്റ് ആണ്. കൃത്യമായി വ്യവസ്ഥവൽക്കരിക്കപ്പെട്ട അനേകമനേകം കാണാക്കുരുക്കുകൾ ഒരുക്കി സ്റ്റേറ്റ് അതിന്റെ അനീതിയുടെ ഊർജത്തിൽ പ്രവർത്തന നിരതമാകുന്നു. സ്റ്റേറ്റിന്റെ വളർച്ചാ ഘട്ടങ്ങളെ ഗോർഡൻ ചൈൽഡ് വ്യവഛേദിക്കുന്നതു പഠിച്ചാൽ അനീതിയുടെ രൂപഭാവങ്ങൾ സ്ഥാപനവൽക്കരിക്കപ്പെടുന്നത് തിരിച്ചറിയാം.

– പുരാതനയുഗത്തിന്റെ കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നീതിയിൽ നിറഞ്ഞത് കായബലത്തിന്റെ അടിസ്ഥാനത്തിലുള്ള അനീതി.

– ട്രൈബൽ സമൂഹസംവിധാനത്തിൽ രക്തബന്ധവും മൂപ്പിളമയും അനീതി പ്രവർത്തിക്കാൻ ആയുധമായി.

– രാജത്വത്തിൽ അധികാരം കൂടുതൽ സുശക്തമായി ആയുധവും സൈന്യവും തന്ത്രവും കൂടാതെ പ്രത്യയശാസ്ത്രവും ആശയങ്ങളും അനീതി പൂർവകമായ പക്ഷഭേദങ്ങൾക്കും ചൂഷണങ്ങൾക്കും ആസ്വാദനങ്ങൾക്കും ആയിരുന്നു.

– സാമ്രാജ്യങ്ങൾ അടിമത്തത്തെ അനീതിയുടെ പരമസംവിധാനമായി രൂപപ്പെടുത്തി അതിന് പ്രത്യയശാസ്ത്രം കൊണ്ട് കോട്ടപണിയുകയും ചെയ്തു.

– ജനാധിപത്യത്തിന്റെ നിലനിൽപും അനീതിയുടെ അടിത്തറയിൽ തന്നെയാണ്. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും, രാഷ്ട്രീയത്തിന്റെ വെള്ളാനസംസ്കാരവും. ജനസേവനം, പൊതുപ്രവർത്തനം മുതലായ ആശയങ്ങളും പലപ്പോഴും വളരെ പക്ഷേയമായ അനീതികൾക്കുള്ള പ്രത്യശാസ്ത്ര ആയുധങ്ങളാകുന്നു.

അനീതിയുടെ സ്വഭാവം മുഖ്യമായും ഇന്ന് വെളിവാകുന്നത് ചൂഷണത്തിലാണ്. നിങ്ങളുടെ വീട്ടിലെ വെള്ളം ഊറ്റിയെടുത്ത് മാരകമായ വിഷം ചേർത്ത് കോളയാക്കി മാറ്റിയിട്ട് സച്ചിൻ തെൻഡുൽക്കറെയും കത്രീന കൈഫിനെയും കൊണ്ട് ഇതു വാങ്ങിക്കുടിക്കൂ എന്നു പറഞ്ഞ് കൊതിപ്പിച്ച് നിങ്ങളുടെ കീശ അവർ കവരുമ്പോൾ നിങ്ങളും നിങ്ങളുടെ മക്കളും ചൂഷിതരാകുന്നു; അനീതി.

നിത്യവും നിങ്ങൾക്കു വച്ചു വിളമ്പുന്ന ഭാര്യയ്ക്കും അമ്മയ്ക്കും അവകാശപ്പെട്ട നിങ്ങളുടെ അഭിനന്ദനവും നോട്ടവും ശ്രദ്ധയും അംഗീകാരവും ഒരിക്കലും നിങ്ങളെ കാണാതെ നിങ്ങൾകാണുന്ന വിദ്യ ബാലനോ, ആഞ്ജലീന ജോളിയോ കവരുമ്പോൾ അമ്മയും ഭാര്യയും അനീതിക്കു വിധേയരാകുന്നു. യാഥാർഥ്യമറിയാതെ മുഴുകി കുടുംബസംതൃപ്തിയടക്കം പലതും മെല്ലെ കൈമോശം വരുന്ന നിങ്ങളും വഞ്ചിക്കപ്പെടുന്നു. വിദ്യയും ആഞ്ജലീനയും പണം പറ്റി അനീതിക്ക് ആയുധമാകുകയും ആയുധമേന്തുകയും ചെയ്യുന്നതിനൊപ്പം അനീതിയാകുകയും ചെയ്യുന്നു.

ഐ.പി.എൽ. പോലെ കളിക്കുന്നവനും കളിപ്പിക്കുന്നവനും, കളികാണുന്നവനും എല്ലാം പരസ്പരം കളിപ്പിക്കുന്നു.

അറിവും അവബോധവും ഇല്ലായ്മയാണ് ഇന്ന് അനീതിക്കു വിധേയമാകാൻ വഴിയാകുന്നത്. ബലമായിട്ടല്ല, അദൃശ്യമായ കുരുക്കുകളിലൂടെയാണ് അനീതി കടന്നുവരിക. അറിവിന്റെ അഭാവംപോലെ നിസ്സംഗതയും ജാഗ്രതക്കുറവും അനീതിക്ക് നിങ്ങളെ പാത്രമാക്കുന്നു. വ്യവസ്ഥിതി തച്ചുടയ്ക്കൽ പരിഹാരമല്ല. കൂടുതൽ മോശമായതു വരും. വഴി ഇതാണ്: തുറന്ന കണ്ണുകൾ; നിതാന്ത ജാഗ്രത; അവബോധത്തിന്റെ കൈമാറ്റം ■

*(കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളജിൽ ചരിത്ര വിഭാഗം അധ്യാപകനാണ് ലേഖകൻ)*



## കൂടിക്കാഴ്ച

ജോബി തോമസ്

# സപ്തതിയുടെ നിറവിൽ ഒരു മനുഷ്യസ്നേഹി

പ്രൗഢിയുടെയും അധികാരത്തിന്റെയും കാർണിവൽ കുപ്പായങ്ങൾ അഴിച്ചുമാറ്റി, ഉപവിയുടെയും ഉപരിനന്മയുടെയും ഉടൽരൂപമായി ദൈവാത്മാവ് സഭയെ പുനർനിർമിക്കുന്നതിന്റെ മിന്നലാട്ടങ്ങൾ ലോകത്തിനു മുന്നിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന കാലമാണല്ലോ ഇത്. അത്തരം വിചിന്തനങ്ങൾക്ക് ശക്തമായ ജീവിതസാക്ഷ്യംകൊണ്ട് ബലം പകരുന്നൊരാളെ നാം പരിചയപ്പെടുകയാണ്. കാണ്ഡ്വാ രൂപതയുടെ പ്രഥമ മെത്രാനും നാഗ്പൂർ അതിരൂപതയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്തായുമായ അഭിവന്ദ്യപിതാവ് അബ്രാഹം വിരുതുകുളങ്ങരയാണ് ജീവിതലാളിത്യംകൊണ്ടും സേവനതൽപരതകൊണ്ടും തുറവിനിറഞ്ഞ സമീപനംകൊണ്ടും ആയിരക്കണക്കിനു ഹൃദയങ്ങളെ കീഴടക്കിയ ആ ദൈവമനുഷ്യൻ. ഫ്രാൻസിസ് പാപ്പയോട് അദ്ദേഹം സംസാരിച്ചുനിൽക്കുന്ന ചില ചിത്രങ്ങൾ അടുത്തദിവസങ്ങളിൽ കണ്ടിരുന്നു. അതേ സ്നേഹാദരവുകളോടെയും കരുതലാർന്ന ശ്രദ്ധയോടെയും കാണ്ഡ്വായിലെ ബിലാല ആദിവാസികളോടും, നാഗ്പൂരിലെ ഹൈന്ദവസഹോദരങ്ങളോടും ലോകമെങ്ങുമുള്ള യുവജനങ്ങളോടും സംവദിക്കാൻ താത്പര്യമുള്ള ഒരാൾ. വൈദികനായി എട്ടുവർഷത്തിനുശേഷം, മുപ്പത്തിമൂന്നാം വയസ്സിൽ മെത്രാനായി നിയമിക്കപ്പെട്ടതിന്റെ അറിയിപ്പ് ടെലിഗ്രാമായി ലഭിക്കുമ്പോൾ, സാധാരണക്കാർക്കിടയിലെ സേവനങ്ങളിൽനിന്ന് അകന്നുപോകുമെന്ന സങ്കടവും ഭയവും മൂലം ആദ്യം അത് നിരസിക്കാൻ എളിമനിറഞ്ഞ ധൈര്യം കാട്ടിയ മനുഷ്യസ്നേഹി. ചെറുപ്പം വിടാത്ത ഊർജസ്വലതയോടെ യുവജനങ്ങളെ സദാ കൈപിടിച്ചു ഹൃദയത്തോടു ചേർത്തുനിർത്തുന്ന പിതാവ് ഇപ്പോൾ സപ്തതിയുടെ നിറവിലാണ്. ജീസസ്‌യൂത്തിന്റെ എക്ക്ളേസിയാസ്റ്റിക്കൽ അഡ്വൈസറായി ഭാരതത്തിലെ മെത്രാൻസമിതി നിയോഗിച്ചിരിക്കുന്ന പിതാവിന്റെ വിശേഷങ്ങളിലേക്ക്.



### ചെറുപ്പകാലം, ദൈവവിളി എന്നിവയെക്കുറിച്ച്?

1943 ജൂൺ 5-ന് കോട്ടയത്തുനിന്നും മുപ്പതുകിലോമീറ്ററോളം അകലെയുള്ള കല്ലറഗ്രാമത്തിലാണ് ഞാൻ ജനിച്ചത്. ഒൻപതുമക്കളിൽ നാലാമനായിരുന്നു. പള്ളിയുടെ അടുത്തായിരുന്നു വീട്. വിശുദ്ധബലി സുറിയാനിഭാഷയിലായിരുന്നെങ്കിലും അതിൽ പങ്കുചേരാനൊക്കെ വലിയ താത്പര്യമായിരുന്നു. രാവിലെ പള്ളിയിലെ അൾത്താരശുശ്രൂഷ കഴിഞ്ഞ് പള്ളിക്കൂടത്തിലേക്കു പോകും. അപ്പൻ പള്ളിയുമായി വളരെ ബന്ധപ്പെട്ടാണ് കഴിഞ്ഞിരുന്നത്. അത്തരമൊരു ചെറുപ്പത്തിന്റെ തുടർച്ചയിലാണ് ദൈവവിളിയിലേക്കുള്ള പ്രവേശനം. മിഷൻലീഗും കുഞ്ഞുമിഷനറിയുമൊക്കെ ഒത്തിരി പ്രചോദനം തന്നിട്ടുണ്ട്. ഇടവകയിൽനിന്നും മിഷനിലേക്കു പോയിരുന്ന വൈദികരാണ് പുറത്ത് സേവനം ചെയ്യാനുള്ള അവസരങ്ങളെക്കുറിച്ചു പറഞ്ഞത്. ദൈവവിളി അന്വേഷിച്ചെത്തിയ എസ്.വി.ഡി. വൈദികരുടെ നിർദേശപ്രകാരം 1960-ൽ ഞാൻ ഇൻഡോർ രൂപതയിലേക്കുപോയി. മൂന്നുവർഷത്തെ അവിടുത്തെ പഠനത്തിനുശേഷം നാഗ്പൂരിൽ തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1969 ഒക്ടോബർ 28-ന് കോട്ടയം രൂപതയുടെ അന്നത്തെ സഹായമെത്രാനായി

രുന്ന മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു.

## വൈദികശുശ്രൂഷയെക്കുറിച്ച്?

സ്വോന്തായിലെ അസിസ്റ്റന്റ് വികാരിയായിട്ടാണ് ആരംഭിച്ചത്. ആശുപത്രിനിർമാണമുൾപ്പെടെ ധാരാളം സാമൂഹ്യ-സാംസ്കാരികപ്രവർത്തനങ്ങളിൽകൂടി പങ്കാളിയായി. സാധാരണക്കാരായ ആളുകളോട് എനിക്കു വളരെയേറെ അടുപ്പം ഉണ്ടായിരുന്നു. അധികംപേർക്ക് അറിയില്ലെങ്കിലും ലയൺസ് ക്ലബ്ബിന്റെ ബെസ്റ്റ് സെക്രട്ടറി അവാർഡ് പലതവണ ലഭിച്ചിട്ടുണ്ട്. സാധാരണയായി വൈദികർ ഇത്തരത്തിലൊന്നും പ്രവർത്തിക്കാറില്ല. പക്ഷേ, ബിലാല ആദിവാസികളും ഹരിജനങ്ങളും മറ്റെല്ലാതരം ആളുകളുമായി ബന്ധമുണ്ടായിരുന്നതിന്റെ പേരിലാണ് ഇതിനെല്ലാം ഇടവന്നത്.

## പാവപ്പെട്ട ജനങ്ങൾക്കിടയിൽ സൈക്കിൾ ചവിട്ടിനടന്ന ചെറുപ്പക്കാരനായ വൈദികൻ ഇന്ത്യയിലെ തന്നെ പ്രായം കുറഞ്ഞ മെത്രാനായി വിളിക്കപ്പെട്ടപ്പോൾ ആദ്യം അതു നിരസിച്ചതായി കേട്ടിട്ടുണ്ട്?

1977-ൽ ഇൻഡോർ വിഭജിച്ചുണ്ടായ കാണ്ടവാ രൂപതയുടെ പ്രഥമമെത്രാനായി എനിക്ക് ഉത്തരവാദിത്വം ഏൽക്കേണ്ടിവന്നു. അപ്പോൾ എട്ടുവർഷത്തെ വൈദികജീവിതമേ കഴിഞ്ഞിട്ടുള്ളൂ. മുപ്പത്തിനാലുവയസ്സ് തികച്ചായിട്ടില്ല. ഇതൊരു വലിയ ഉത്തരവാദിത്വമാണെന്ന ബോധവും എന്റെ പക്വതകുറവുമാണ് ആദ്യം എന്നെ പിന്തിരിപ്പിച്ചത്. അതിനേക്കാളുപരി സാധാരണ മനുഷ്യരിൽനിന്നും എടുക്കപ്പെടുമല്ലോ എന്ന ചിന്ത ഏറെ സങ്കടപ്പെടുത്തി. നാമനിർദേശം ചെയ്യപ്പെട്ട സമയത്ത് അവിടുത്തെ ആളുകൾ ഒത്തിരികരഞ്ഞു. ഞാൻ അവരിൽനിന്നും മാറിപ്പോകുമെന്ന ചിന്തയായിരുന്നു കാരണം. ഡൽഹിയിൽനിന്നും വത്തിക്കാൻ നൂൺഷ്യോ അയച്ച ടെലിഗ്രാമിന് അതു സ്വീകരിക്കാൻ സാധിക്കില്ല എന്ന മറുപടിയാണ് കൊടുത്തത്. പക്ഷേ, അധികാരികൾ വീണ്ടും വിളിച്ചപ്പോൾ, വിഷമത്തോടെയാണെങ്കിലും അവർക്കു വിധേയപ്പെടുകതന്നെ ചെയ്തു. ദേവാലയങ്ങളുടെ നിർമാണവും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനവുമൊക്കെയായി കാണ്ടവായിൽ ദൈവരാജ്യശുശ്രൂഷകൾക്ക് അടിത്തറപാകാൻ കഴിഞ്ഞു.



## ഭാരതത്തിന്റെ കൃത്യം മധ്യഭാഗത്താണല്ലോ നാഗ്പൂർ. മറ്റുപലതുകൊണ്ടും ശ്രദ്ധിക്കപ്പെടുന്ന സ്ഥലം. അവിടുത്തെ സഭയുടെ മുഖമെങ്ങനെയാണ്?

മെത്രാനായി 22 വർഷങ്ങൾക്കുശേഷമാണ് നാഗ്പൂർ ആർച്ച് ബിഷപ്പായി ഉയർത്തപ്പെടുന്നത്. കരിസ്മാറ്റിക് നവീകരണധ്യാനങ്ങളിൽ രൂപതയിലെ വൈദികരെ പങ്കെടുപ്പിച്ചുകൊണ്ടായിരുന്നു തുടക്കം. പോട്ടയിലെ ഡോ. അഗസ്റ്റിൻ വല്ലൂരാനച്ചൻ പലതവണ നാഗ്പൂരിലെത്തി. ഹിന്ദിയിലും ഇംഗ്ലിഷിലും ധ്യാനിപ്പിച്ചു. രൂപതയ്ക്കും വൈദികർക്കുമെല്ലാം നല്ല ആത്മീയഉണർവുണ്ടായി. പ്രാർഥനാഗ്രൂപ്പുകൾ ആരംഭിച്ചു. അതിന്റെ ഫലം ഇന്നും കാണുന്നുണ്ട്. ലഘുക്രിസ്തീയസമൂഹങ്ങൾ ഇവിടെ വളരെ സജീവമാണ്.

ആർ.എസ്.എസ്.ന്റെ ഹെഡ്ക്വാർട്ടേഴ്സ് നാഗ്പൂരിലാണെങ്കിലും അതുമായി ബന്ധപ്പെട്ട് ഒരു പ്രശ്നവുമുണ്ടായിട്ടില്ല. ആചാര്യ സച്ചിദാനന്ദഭാരതി (പൂർവാശ്രമത്തിൽ എയർ ഫോഴ്സ് സ്ക്വാഡ്രൺ ലീഡറായിരുന്ന എൻ.വി. ജോൺ, ഭാരതീയമായ ക്രിസ്തീയസന്യാസപരമ്പര ആരംഭിച്ചു.) വഴിയും അല്ലാതെ നേരിട്ടും ഡയലോഗുകൾ നടക്കുന്നുണ്ട്. അടുത്തിടെ അവരുടെ ഒരു ദേശീയ നേതാവുമായി ഞാൻ സംസാരിച്ചിരുന്നു.

നാഗ്പൂരിലും വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്ത് നിരവധി കാര്യങ്ങൾ ചെയ്തു. ഇവിടുത്തെ പള്ളോട്ടൈൻ സഭയുടെ എൻജിനീയറിങ് കോളജ് ഇന്ത്യയിലെതന്നെ പ്രധാന സ്ഥാപനങ്ങളിലൊന്നാണ്. രൂപതയുടെ പ്രോൽസാഹനവും അതിനുണ്ട്. കഴിഞ്ഞ നവംബറിൽ നടന്ന അതി






രൂപതയുടെ ശതോത്തര രജതജൂബിലി ആഘോഷങ്ങളുമായിബന്ധപ്പെട്ട്,പാവപ്പെട്ടവരുടെ 125 വീടുകൾ പുനർനിർമിച്ചുനൽകുകയാണിപ്പോൾ.

**മെത്രാനായ കാലം മുതൽ യുവജനങ്ങളോടു ബന്ധപ്പെട്ട് പ്രവർത്തിച്ചതിന്റെ ധാരാളം അനുഭവങ്ങളുണ്ടല്ലോ?**

ഞാനൊരു യുവാവായ മെത്രാനായിരുന്നതിനാൽ യുവജനങ്ങൾ എപ്പോഴും എന്റെ ഹൃദയത്തിലുണ്ടായിരുന്നു. അവരെ പ്രോൽസാഹിപ്പിക്കാൻ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. അത്തരം താത്പര്യത്തിന്റെ ഫലമായിരുന്നു, സി.ബി.സി.ഐ. യുടെ ആദ്യത്തെ യൂത്ത് കമ്മിഷൻ. 1986-ൽ അത് ആരംഭിച്ചപ്പോൾ മുതൽ രണ്ടുതവണ ഞാനായിരുന്നു കമ്മിഷൻ ചെയർമാൻ. ഇന്ത്യയിലെ ആദ്യ യൂത്ത് കോൺഫറൻസുകളും അക്കാലത്തായിരുന്നു. വസായിയിലും ജബൽപൂരുമെല്ലാം യുവജനങ്ങൾ ഒത്തുചേർന്നു. യുവജനങ്ങൾ മോശക്കാരല്ല. അവരെ പ്രോൽസാഹിപ്പിച്ചാൽ സഭയും സമൂഹവും വലുതാകുകയേയുള്ളൂ. ചിലർക്ക് അവരെക്കുറിച്ച് നെഗറ്റീവ് ആറ്റിറ്റ്യൂഡ് ഉണ്ട്. ഞാൻ അവരിലെ നന്മകൾ കാണുന്നു. അക്കമ്പനിമെന്റ് ആണ് പ്രധാനം. യുവജനങ്ങളുടെ സുഖദുഃഖങ്ങളറിഞ്ഞ് അവരോടൊപ്പമായിരിക്കുക.

**സി.ബി.സി.ഐ. നിയോഗിച്ച എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ എന്ന നിലയിൽ ജീസസ്‌യൂത്തിനെ എങ്ങനെ കാണുന്നു? അവരോടെന്താണ് പറയാനുള്ളത്?**

പത്തുവർഷത്തോളം മുൻപ് ഒരു ജീസസ് യൂത്ത് കോൺഫറൻസിൽ പങ്കെടുക്കാൻ ഇടയായതുമുതലാണ് അവരുമായി ആഴത്തിലുള്ള ബന്ധം ആരംഭിക്കുന്നത്. അവരുടെ ജീവിതശൈലിയും പ്രതിബദ്ധതയും തീക്ഷ്ണതയും എന്നെ ആകർഷിച്ചു. സി.ബി.സി.ഐ.യുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഏറ്റവും കൂടുതൽ ജീസസ് യൂത്തിനുവേണ്ടി നിലകൊണ്ടത് ഞാനായിരുന്നു. അവരെ നന്നായി മനസ്സിലാക്കുന്ന ഒരാളെന്ന നിലയിൽ പിതാക്കന്മാർ എന്നെ ഇതിനായി നിയോഗിച്ചു. ഇന്ന് ജീസസ് യൂത്തുമായി ബന്ധപ്പെട്ട് ഞാൻ ഒട്ടേറെ രാജ്യങ്ങളിൽ യാത്രചെയ്യുകയും അനേകരുമായി സംസാരിക്കുകയും ചെയ്യുന്നുണ്ട്.

എനിക്ക് യുവജനങ്ങളോട് ഏറെ ബന്ധമുണ്ട്. അവരിൽ വിശ്വാസവുമുണ്ട്. സജീവമായ ആത്മീയജീവിതം തന്നെയാണ് അവരുടെ ഏറ്റവും വലിയ സംഭാവന. ഈശോയോടു ചേർന്നും അവിടുന്നിൽ കേന്ദ്രീകരിച്ചുമുള്ള ജീവിതം അവർ നയിക്കണം. ആ സാക്ഷ്യം കൂടുതൽ സുദൃഢമാക്കണം. അവർക്ക് വലിയ ദിശാബോധമുണ്ട്. അതിൽ മുന്നോട്ടു കൊണ്ടുപോകണം. വാസ്തവത്തിൽ എല്ലാ യുവജനങ്ങളെക്കുറിച്ചും എന്റെ ഹൃദയത്തിലുള്ള വളരെ തീവ്രമായ ആഗ്രഹവും ഇതു തന്നെയാണ്.

വിസിറ്റേഷൻ ജനറലേറ്റിൽ നടന്ന ലളിതമായൊരു സപ്തതിയാഘോഷത്തിൽ പിതാവ് ഇങ്ങനെയാണ് പറഞ്ഞത്: "ഇത്തരം ആഘോഷങ്ങളിൽ എനിക്കു പ്രത്യേക താത്പര്യമൊന്നുമില്ല. എന്നാൽ, ദൈവത്തെ ഓർമിക്കാനും അവിടുത്തേക്കു നന്ദി പറയാനുമുള്ള സമയമായി ഞാനിതിനെ കാണുന്നു". കാണ്ടാരൂപതയിൽ പിതാവിനൊപ്പം ശുശ്രൂഷ ചെയ്ത അനേകം സിസ്റ്റേഴ്സ് അദ്ദേഹത്തെ കാണാനും ആശംസകൾ അർപ്പിക്കാനും കേരളത്തിന്റെ പലഭാഗത്തുനിന്നും അവിടെയെത്തിയിരുന്നു. രാത്രി വൈകി പിതാവ് ഉഴവൂരിലേക്കും, പിന്നീട് കോട്ടയത്തുനിന്നും മംഗലാപുരം എക്സ്പ്രസിൽ കോഴിക്കോട്ടേയ്ക്കും പോയി. ഒരു മെത്രാപ്പോലീത്തയുടെ പ്രത്യക്ഷ അടയാളങ്ങളില്ലാത്ത, പാന്റ്സും കുർത്തയുമണിഞ്ഞ്, സ്നേഹത്തോടെ കൈപിടിച്ച് പതിയെ ജനത്തിരക്കിലേക്ക് അദ്ദേഹം നീങ്ങി. പിറ്റേന്ന് മൈസൂർ ബാംഗ്ലൂർ വഴി നാഗ്പൂരിന്... സങ്കീർത്തകന്റെ വാക്കുകൾ എന്റെ മനസ്സിൽ മുഴങ്ങി. "കർത്താവ് എന്റെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാനെന്തു പകരം കൊടുക്കും? രക്ഷയുടെ പാനപാത്രമുയർത്തി അവിടുത്തെ നാമം ഞാൻ വിളിച്ചപേക്ഷിക്കും..." ജീവിതത്തോടും ചുറ്റുമുള്ളവരോടും അത്രമാത്രം കൃതജ്ഞതയോടെ ഒരു മനുഷ്യസ്നേഹി യാത്ര തുടരുകയാണ് ■

## യേശു ദൈവവും ചരിത്രപുരുഷനും

ആധ്യാത്മിക വളർച്ചയുടെ രണ്ട് ചിറകുകളാണ് വിശ്വാസവും യുക്തിയും എന്ന് പറയപ്പെടാറുണ്ട്. രണ്ടും പരസ്പരവിരുദ്ധമെന്ന് തോന്നാമെങ്കിലും യുക്തിയിൽ ചില വിശ്വാസങ്ങളും വിശ്വാസത്തിന് അതിന്റേതായ യുക്തികളുമുണ്ട്.

ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസജീവിതത്തിൽ ധാരാളം ചോദ്യങ്ങളുയരാറുണ്ട്. 'ചോദ്യങ്ങളൊന്നും വേണ്ട, അങ്ങ് വിശ്വസിച്ചാൽ മതി' എന്ന ഉത്തരം അവരെ സംബന്ധിച്ചിടത്തോളം ഒട്ടും തന്നെ സ്വീകാര്യമല്ല. ഉത്തരങ്ങൾ ലഭിക്കാതെ, സ്വയം ബോധ്യമാകാതെ വിശ്വാസത്തിന്റെ വഴികളിൽ നീങ്ങാൻ അവർക്ക് ബുദ്ധിമുട്ടുണ്ട്.




കെയ്റോസ് മാസികയിൽ, വായനക്കാരെ ഏറെ ചിന്തിപ്പിക്കുകയും, ബോധ്യങ്ങൾ നൽകുകയും ചെയ്യുന്ന 'യുക്തിയും വിശ്വാസവും' എന്നൊരു പംക്തിയുണ്ട്. അനേകരെ ആകർഷിക്കുന്ന ലളിതമായ ഭാഷയിൽ കഠിനമായ കാര്യങ്ങൾ പറയുന്ന ആ പംക്തി എഴുതുന്നത് മദ്രാസ് ഐ.ഐ.ടി.യി.-ൽ നിന്ന് എം.ടെക്. ബിരുദം നേടിയ ജോബി തോമസ് ആണ്. ഏതാണ്ട് അതേ ശൈലിയിൽ യേശുവിന്റെ ദൈവത്വത്തിനും, ബൈബിളിന്റെ ആധികാരിതയ്ക്കും തെളിവുകൾ നിരത്തുന്ന, ലളിതമായി വായിക്കാവുന്ന ഘനപ്പെട്ട കാര്യങ്ങളുള്ളൊരു പുസ്തകമാണ് "യേശു ദൈവവും ചരിത്രപുരുഷനും". അനേകർക്ക്, പ്രത്യേകിച്ചും യുവജനങ്ങൾക്ക് ഈ ഗ്രന്ഥം സഹായകരമാകുമെന്നതിൽ സംശയമില്ല.

*ജോബിതോമസിന് എല്ലാ വിജയവും നേരുന്നു*

കോപ്പികൾക്ക്:

നിങ്ങളുടെ അഡ്രസ്സും വിലയും താഴെ പറയുന്ന വിലാസത്തിൽ അയച്ചുതരിക (MO/ DD)

Ekarakshakan, Vadakkemattappallil Building, Kanakkary P.O., Kottayam - 686 632

Phone: 0481 - 2536280. Mobile: 90 370 34 535, 97 469 40 365. വില ₹ 100/- പോസ്റ്റേജ് സൗജന്യം




## ന്യായാധിപ സന്നിധിയിൽ

കത്തോലിക്കാ സഭാംഗമായിരുന്നുവെങ്കിലും നിരീശ്വരവാദിയായി ജീവിച്ച കൊളംബിയായിലുള്ള ഡോക്ടർ ഗ്ലോറിയാ പോളോ എന്ന ദന്തഡോക്ടർക്ക് മരണത്തിനടുത്ത അനുഭവമുണ്ടായപ്പോൾ ഈശോനൽകിയ വെളിപ്പെടുത്തലുകളാണ് 'ന്യായാധിപ സന്നിധിയിൽ' എന്ന ലഘു ഗ്രന്ഥത്തിൽ വിവരിക്കുന്നത്. 1995-ൽ ഉണ്ടായ ഈ അനുഭവത്തെ ലോകത്തിന് സാക്ഷ്യപ്പെടുത്തുവാൻ അവിടുത്തെ രൂപതാധ്യക്ഷൻ ഗ്ലോറിയായ്ക്ക് അനുമതി നൽകുകയും ചെയ്തു. പാപം, മാനസാന്തരം, സഭയുടെ കൂദാശകൾ, വൈദികരിലൂടെയുള്ള കുമ്പസാരം, അന്തിമന്യായവിധി എന്നിവയെക്കുറിച്ച് ഉൾക്കാഴ്ചകൾ നൽകുന്നതുമായ പ്രഫ. എം.എ. അബ്രാഹത്തിന്റെ ഈ പുസ്തകം ലഭിക്കുവാൻ 04845-2824842 എന്ന ഫോൺ നമ്പറിൽ വിളിക്കുക. വില ₹ 25/-



# കവർസ്റ്റോറി

സിറിയക് ടോമി പനയ്ക്കൽ

നിയമങ്ങളും പാരമ്പര്യങ്ങളും മനുഷ്യനുവേണ്ടിയാണ് എന്ന് പഠിപ്പിച്ചവന്റെ അനുയായികളാണ് നാം, അവൻ പാരമ്പര്യങ്ങളെ മാറ്റിയെഴുതിയത് നിലവിലുള്ളവയെ അതിശയിപ്പിക്കുന്ന, ശക്തമായ പുതിയ മൂല്യങ്ങൾക്കുവേണ്ടിയായിരുന്നു എന്നു നാം മറന്നുകൂടാ. മാറുന്ന നമ്മുടെ സമൂഹത്തിൽ കണ്ടുമുട്ടിയ, കാണേണ്ട ചില പുതിയ മൂല്യങ്ങളെക്കുറിച്ചൊരു ചിന്ത. ഇനിയും മാറ്റു കുറയാത്ത ചില പഴയവയും കൂടെ ചേർക്കുന്നു.

## പ്രകൃതി സ്നേഹം

ലേഖനങ്ങളോ, പ്ലക്കാർഡുകളോ, ജാഥകളോ, ഡിബേറ്റുകളോ ഒന്നും പ്രകൃതിയെ രക്ഷിക്കുകയില്ല. ഒരാടിനെപ്പോലും വളർത്താത്തവർ കൃഷിയിടത്തിൽ കൊല്ലപ്പെട്ട കാട്ടുപന്നികളെക്കുറിച്ച് ഒഴുക്കുന്ന കണ്ണുനീരു വെറും പ്രഹസനമല്ലേ? സാഹചര്യവും ചങ്കൂറ്റവുമുണ്ടെങ്കിൽ നല്ല കർഷകരാവുക. വിഷമടിക്കാത്ത പഴം തിന്നാം, പഴകാത്ത പാലുകുടിക്കാം, കടയിൽ നിന്ന് കിട്ടിയ പ്ലാസ്റ്റിക് കൂടുകൾ വേസ്റ്റ് ബക്കറ്റിൽ ഇടുന്നതല്ല മാലിന്യ നിർമാർജനം, അത് സ്വീകരിക്കാതിരിക്കുന്നതാണ്, നിർമിക്കപ്പെടുന്നത് തടയുന്നതാണ്.

## വിശ്വാസം ജീവിക്കാൻ

വിശ്വാസം വെല്ലുവിളിക്കപ്പെടുമ്പോൾ സമയമെടുത്ത് ഉത്തരം തപ്പിപ്പിടിക്കുക, പ്രാർഥിക്കുക മറുപടി നൽകുക. ധൈര്യമുണ്ടെങ്കിൽ ദിവസവും ക്ലാസ്സിൽ ബൈബിൾ കൊണ്ടുപോകുക അറിവ് മാത്രമല്ല ജ്ഞാനവും തേടുക. ജ്ഞാനത്തിന്റെ പുസ്തകങ്ങൾ പരിചയപ്പെടുത്തിയ എന്റെ പപ്പയ്ക്ക് നന്ദി. പ്രവൃത്തിയില്ലാത്ത വിശ്വാസം ഫലം ചെയ്യില്ലെന്ന് ഏറ്റവും കൂടുതൽ ഓർക്കേണ്ട കാലമാണല്ലോ ഇത്. വിശ്വാസം ജീവിക്കുക.

## യാത്രക്കാരുടെ ശ്രദ്ധയ്ക്ക്...

സഞ്ചരിക്കാത്ത ഒരുവൻ ലോകമാകുന്ന പുസ്തകത്തിലെ ഒരു പേജ് മാത്രമേ വായിച്ചിട്ടുള്ളൂ എന്നാണ് വി. അഗസ്റ്റിന്റെ പക്ഷം. യാത്രയിൽ കൃത്യമായി ടിക്കറ്റെടുക്കുക, (പ്ലാറ്റ്ഫോം ടിക്കറ്റടക്കം), മുഴുവൻ പൈസയും നൽകുക, ചില്ലറയടക്കം നൽകിയാൽ കണ്ടക്ടർക്ക് എളുപ്പമുണ്ട് (ബാക്കി കൃത്യം വാങ്ങാനും മടിക്കേണ്ട). പുതിയൊരു സ്ഥലത്തേക്ക് പോകും മുൻപ് ഗൂഗിൾ മാപ്സ് നോക്കി വഴികൾ മനസ്സിലാക്കുന്നത് ഏറെ സഹായകരമായിരിക്കും. ഓരോയാത്രയും ഒരു തീർഥാടനമാക്കുക, കടന്നു പോകുന്ന സ്ഥലങ്ങൾക്ക് വേണ്ടി പ്രാർഥിക്കാൻ മറക്കരുത്. ഫോൺ വിളിച്ചുകൊണ്ട് റോഡ് ക്രോസ് ചെയ്യരുത്. കാൽ നടയാത്രക്കാരെയും സഞ്ചരിക്കാൻ അനുവദിക്കുക.

## ഭാഷയും വേഷവും വേഷംകെട്ടില്ലാതെ

കേരളത്തിലെ പ്രാദേശിക ഭാഷാ വ്യതിയാനങ്ങളെ ബഹുമാനിക്കുക, ഞങ്ങൾ പറയുന്നതു മാത്രമാണ് ശരിയെന്ന് തെറ്റിധരിക്കാതിരിക്കുക. മലയാളമറിയാത്ത ഒരാളെങ്കിലും കൂടെയുണ്ടെങ്കിൽ അവർക്ക് കൂടി മനസ്സിലാകുന്ന ഭാഷ സംസാരിക്കുക. അവരെ പരിഹസിക്കുകയല്ല എന്ന് ബോധ്യം വരാൻ കുറഞ്ഞത് തമാശകൾ എങ്കിലും മൊഴിമാറ്റം ചെയ്ത് കൊടുക്കണം. കേരളത്തിന് വെളിയിൽ ജനിച്ചു വളർന്നവരുടെ മലയാളത്തെ പുച്ഛിക്കാതിരിക്കുക, സ്നേഹത്തോടെ തിരുത്തിക്കൊടുക്കുക, കുടിയേറ്റക്കാരനായി കേരളം വിട്ടാൽ ചെല്ലുന്ന സ്ഥലത്തെ ഭാഷയും സംസ്കാരവും തീർച്ചയായും പഠിക്കുക അതിനെ ബഹുമാനിക്കുക. ഇപ്പോൾ നമ്മുടെ നാട്ടിൽ ധാരാളമായെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളെയും മനസ്സിലാക്കുവാൻ ശ്രമിക്കുക.

സ്ഥലത്തിനും കാലത്തിനും ചേർന്ന രീതിയിൽ വസ്ത്രം ധരിക്കുക. ഓഫിസിൽ പോകുന്ന ഡ്രസ്സിലല്ല പിക്നിക്കിന് പോകേണ്ടത്! പാർക്കിൽ പോകുന്നതിട്ടുകൊണ്ടല്ല പള്ളിയിൽ പോകേണ്ടത്. പാരമ്പര്യങ്ങളെ മാനിക്കുക. അന്ധമായ പാരമ്പര്യ വാദവും നല്ലതല്ല.

## മാധ്യമങ്ങൾക്കിടയിൽ

ഇന്ന് മാധ്യമങ്ങളോടൊപ്പമാണ് എല്ലാസമയവും നമ്മുടെ ജീവിതം. ടിവി, ഇന്റർനെറ്റ് തുടങ്ങിയ മാസ് മീഡിയയും മൊബൈലും വിവേകത്തോടും കൃത്യമായ മാർഗ നിർദേശത്തോടും കൂടെ ഉപയോഗിക്കുക. സമയത്തെക്കുറിച്ചും പണത്തെക്കുറിച്ചും ബോധമുള്ളവരായിരിക്കുക.

നമ്മുടെ ആവശ്യമനുസരിച്ചായിരിക്കണം മാധ്യമങ്ങളുടെ ഉപയോഗം. അറിയാവുന്ന വ്യക്തികളുടെ മിസ്ഡ് കോൾ കണ്ടിട്ട് പ്രതികരിക്കാതിരിക്കരുത്, മൊബൈൽ ലോകത്തിലെ ഏറ്റവും വലിയ അപമര്യാദയാണ് കോളിന് ഉത്തരം നൽകാതിരിക്കുന്നത്. രാത്രി പത്തു മണിക്കു ശേഷവും രാവിലെ എട്ടു മണിക്കു മുൻപുമുള്ള ഫോൺ വിളികൾ ഒഴിവാക്കുന്നതാണ് ഉത്തമം. ആവശ്യമില്ലാത്ത മെസേജുകളും മെയിലുകളും ഫോർവേഡ് ചെയ്ത് മറ്റുള്ളവരുടെ ഇൻബോക്സ് നിറയ്ക്കാതിരിക്കുക.

ഫേസ്ബുക്ക് പോലുള്ള എന്തിനോടെങ്കിലും അടിമത്തം തോന്നുന്നെങ്കിൽ അടുത്ത നോമ്പിന് ഒരു ത്യാഗമായി അവ മാറ്റിവയ്ക്കുക, തീർച്ചയായും അവ നിയ

# ന്യൂജനറേഷൻ മൂല്യങ്ങൾ



ന്ത്രണ വിധേയമാകും (അനുഭവ സാക്ഷികൾ നിരവധിയുണ്ട്).

## ഭക്ഷണം

ഭക്ഷണമേശയിൽ മിതത്വം പാലിക്കുക, പ്രത്യേകിച്ച് അധികാരികളോടൊപ്പം ഭക്ഷിക്കുമ്പോൾ. ഭക്ഷണ മേശയിൽ ഫോൺ വിളിയും ഒഴിവാക്കുക. ആവശ്യത്തിന് ഭക്ഷണം കഴിക്കുക. കുറച്ചോ കൂടുതലോ പാടില്ല. നാടൻ ഭക്ഷണത്തോട് വിമുഖത കാട്ടുന്ന 'കാച്ചിൽ കൃഷ്ണപിള്ള സ്റ്റൈൽ' മക്കളെ പഠിപ്പിക്കാതിരിക്കുക. അടിസ്ഥാന പാചകമെങ്കിലും പഠിച്ചിരിക്കുന്നത് എല്ലാവർക്കും നല്ലതാണ്. (പട്ടിണി കിടക്കുന്ന അനേക നവദമ്പതികളെ കണ്ടതിന്റെ വെളിച്ചത്തിൽ!!). കഴിക്കാൻ ഇല്ലാത്തവന് നൽകാൻ കർത്താവ് പറഞ്ഞതും ഓർമയിൽ ഇരിക്കട്ടെ ഉപകാരപ്പെടും.

## വീണ്ടും വീട്ടുകാര്യങ്ങൾ

മാതാപിതാക്കളുടെ കൂടെയും സഹോദരങ്ങളോടൊപ്പവും വ്യക്തിപരമായി സമയം ചെലവഴിക്കുക, കണ്ണിൽ നോക്കി സംസാരിക്കുക. മുതിർന്നവരെ ബഹുമാനിക്കുക; വാക്കിലും പ്രവൃത്തിയിലും. മക്കളെ ബഹുമാനിക്കുക മാർഗനിർദേശം നൽകുക, തീരുമാനങ്ങൾ എടുക്കാൻ അനുവദിക്കുക, പഠിപ്പിക്കുക. എല്ലാ ജോലിക്കും മാന്യത ഉണ്ടെന്ന് തിരിച്ചറിയുക. വീട്ടിൽ നിന്ന് അത്താഴം കഴിക്കാത്ത മകനും, മകനെ എല്ലാ ദിവസവും വൈകിട്ട് അഞ്ചരയ്ക്ക് വീട്ടിൽ കയറ്റുന്ന അമ്മയും കാണിക്കുന്നത് പക്വതയുടെ ലക്ഷണങ്ങളല്ല. സാധിക്കുമെങ്കിൽ സ്വീകരണ മുറിയിൽ നിന്ന് ടി.വി. മാറ്റുക, നിങ്ങളുടെ കുടുംബ ബന്ധങ്ങൾ ഊഷ്മളമാകും. മാതാപിതാക്കളോടുള്ള വിധേയത്വവും അനുസരണവും ഒട്ടും കാലഹരണപ്പെട്ടിട്ടില്ല, കുറവുകളുണ്ടായിരിക്കാം, എങ്കിലും നമ്മുടെ അപ്പനും അമ്മയുമല്ലേ. സ്നേഹിക്കുക. ജീവനോട് തുറവിയുള്ളവരായിരിക്കുക, അതിനായി ജോലിയോ സ്ഥാനമാനങ്ങളോ നഷ്ടപ്പെടുത്തുന്നവരെ ബഹുമാനിക്കുക.

## വിശാല ബന്ധങ്ങൾ

നല്ല സൗഹൃദങ്ങൾ ആൺപെൺ വ്യത്യാസമില്ലാതെ ഉണ്ടാകണം. പക്ഷേ, അതിവൈകാരികതയിൽ തളച്ച് ബന്ധങ്ങളെ ബന്ധനങ്ങളാക്കരുത്. ഭാരങ്ങളാകുന്ന ബന്ധങ്ങൾ ഒഴിവാക്കുന്നതല്ലേ നല്ലത്? സത്യസന്ധതയും സുതാര്യതയും ഉള്ള ബന്ധങ്ങളാണ് മനോഹരം. അതിന് മണിക്കൂറുകളോളം ഫോണിൽ സംസാരിക്കണമെന്നോ എപ്പോഴും തമ്മിൽ കാണണമെന്നോ ഇല്ലല്ലോ. വ്യക്തികളെ ശാരീരികമോ, വൈകാരികമോ ആയ ഉപഭോഗ വസ്തുക്കളായി കാണരുത്. എല്ലാവരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നെ സ്നേഹിക്കാൻ വേണ്ടിയാണെന്ന ചിന്തയും പാടില്ല. തിരസ്കരണങ്ങളും ഒറ്റപ്പെടലുകളും പ്രതീക്ഷിക്കുക തന്നെവേണം ■

### പലവക

ഫ്രാൻസിസ് മാർപാപ്പയെ കണ്ടു പഠിക്കുക, ചെലവു ചുരുക്കുക. നാമെല്ലാം അമിതോപഭോഗം കുറച്ചാൽ തന്നെ കമ്പോള വില താഴും. നോമ്പിന്റെ സാമ്പത്തിക ശാസ്ത്രം മനസ്സിലാക്കുക. വിവാഹം കച്ചവടമാക്കാതിരിക്കുക, സമയത്തിനു വിവാഹം കഴിക്കുക, കഴിപ്പിക്കുക. ബന്ധുക്കളോ സുഹൃത്തുക്കളോ വഴി വരുന്ന ആലോചനകളാണ് ഇന്ത്യയിൽ മാത്രം കണ്ടുവരുന്ന മാട്രിമോണിയൽ കച്ചവടങ്ങളെക്കാൾ വിശ്വാസ്യം. വിവാഹം ഉറപ്പിച്ചിരിക്കുന്ന വ്യക്തികൾ വിവാഹദിവസം വരെ സഹോദരീ സഹോദരൻമാരെന്നപോലെ കരുതുകയും പെരുമാറുകയും ചെയ്യണമെന്നാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞിരിക്കുന്നത്. (തത്പര കക്ഷികൾ CCC 1632 വായിക്കുന്നത് നല്ലത്)

ഷാജി ജോസഫ് അറക്കൽ



# വാക്കിൽ

കൊല്ലത്ത് ബസ്സിൽ സഞ്ചരിക്കുന്നയാൾ താനിപ്പോൾ തൃശൂരിലാണെന്ന് മൊബൈൽഫോണിൽ തട്ടിവിടുകയാണ്. അടുത്തിരിക്കുന്ന സഹയാത്രികർ പലരും ആ കല്ലുവച്ച നുണ കേട്ടുവെങ്കിലും ആർക്കും യാതൊരുഭാവവ്യത്യാസവുമില്ലായിരുന്നു.

അമ്മയും മകളുമൊന്നിച്ചുള്ള യാത്രയ്ക്കിടെ പരിചയക്കാരിയായ സ്ത്രീ കുട്ടിയുടെ പരീക്ഷാ റിസൽറ്റ് അന്വേഷിച്ചു. സൗമ്യമായി ചിരിച്ചുകൊണ്ട് കുട്ടിയുടെ അമ്മ മറുപടി പറഞ്ഞു: "അവൾക്ക് 92% മാർക്കേ ഉള്ളൂ." ബാക്കിയുള്ള 8%-ത്തിന്റെ കുറവും അതിന്റെ വേദനയും ആ മുഖത്ത് തെളിയുകയും ചെയ്തു. സത്യത്തിൽ ആ മകളുടെ മാർക്ക് 62% ആയിരുന്നു. പൊങ്ങച്ചത്തിനുവേണ്ടിയുള്ള തന്റെ അമ്മയുടെ കല്ലുവച്ച നുണകേട്ടിട്ട് ആ മകളുടെ മുഖത്തും ഒരു ഭാവമാറ്റവുമുണ്ടായില്ല; അമ്മയെ അവൾ ചോദ്യം ചെയ്തുമില്ല.

ഗേറ്റ് തുറന്നുവരുന്ന ആളെക്കണ്ട് ഭർത്താവ് ഭാര്യയോട്: "ഞാനിവിടെയില്ലായെന്ന് പറഞ്ഞേക്ക്" കൈയിൽ ചായയുമായി പത്രം വായിച്ചിരുന്ന മകന് തന്റെ അച്ഛന്റെ കള്ളത്തരം കണ്ടിട്ടും, അമ്മയുടെ നുണകേട്ടിട്ടും യാതൊന്നും തോന്നിയില്ല; പ്രതികരിച്ചുമില്ല. പക്ഷേ, പത്രത്തിലെ അഴിമതി വാർത്ത വായിച്ച് ചോര തിളയ്ക്കുകയായിരുന്നു ആ

# നേരിന്റെ നനവുണ്ടോ?

യുവഹൃദയത്തിൽ. രാഷ്ട്രീയത്തിൽ എല്ലാവരും കള്ളന്മാരാണെന്ന ഒരു പ്രസ്താവനയും നടത്തി. ഈ ലോകം നന്നാകില്ലെന്ന ആത്മഗതത്തോടെ യുവാവ് പത്രം വലിച്ചെറിഞ്ഞ് എഴുന്നേറ്റുപോയി.

"സത്യസന്ധമായ വാക്കുകൾ എന്നേയ്ക്കും നിലനിൽക്കുന്നു. വ്യാജമായ വാക്ക് ക്ഷണികമാണ്" (സുഭാ 12:19).

നിർമലമാനസരായി, നീതിയുടെ മാർഗത്തിൽ ജീവിക്കുന്നവർക്ക് ശാശ്വതമായ ദൈവികജീവൻ ലഭിക്കുമെന്നിരിക്കിലും അസത്യത്തിലൂടെ താൽക്കാലികമായി ലഭിക്കുന്ന നേട്ടങ്ങളിലും സന്തോഷങ്ങളിലുമാണ് അധികം പേർക്കും താത്പര്യം.

വളഞ്ഞ വഴിയിൽ കാര്യങ്ങൾ നേടിയും, ജോലി ചെയ്യാതെ കൂലി വാങ്ങിയും തൊഴിലിടങ്ങളിൽ നിന്നും മറ്റും കൊച്ചുകൊച്ചു മോഷണങ്ങൾ നടത്തിയും മാന്യതയുടെ മൂടുപടമണിഞ്ഞ് സാമൂഹ്യനീതി ലോകത്ത് നഷ്ടപ്പെട്ടുപോയെന്ന് വിലപിക്കുകയും അതിനെക്കുറിച്ച് ഘോരഘോരം വാചാലരാകുകയും ചെയ്യുന്നതിൽ നമുക്ക് ആത്മനിന്ദ തോന്നാതിരിക്കുന്നത് കഷ്ടമല്ലേ? നമ്മുടെ ജീവിതമല്ലേ കുട്ടികളുടെ പാഠപുസ്തകം, അവർക്ക് നമ്മോട് ആദരവും ഹൃദ്യമായ സ്നേഹവും ഉണ്ടായില്ലെങ്കിൽ പിന്നെയെങ്ങനെയാണ് ഈ സമൂഹം നന്നാകുക?

"സത്യത്തിലും നീതിയിലും ജീവിക്കുന്നവർ അവഗണിക്കപ്പെടുന്നു, അവർക്ക് മേൽഗതി ഉണ്ടാകുന്നില്ല" എന്നൊക്കെ പൊതുവെ ഒരു സംസാരം സമൂഹത്തിലുണ്ട്.

"ദുഷ്ടരെക്കണ്ട് നീ അസ്വസ്ഥനാകേണ്ട; ദുഷ്കർമികളോട് അസൂയപ്പെടുകയും വേണ്ട. അവർ പുല്ലുപോലെ പെട്ടെന്ന് ഉണങ്ങിപ്പോകും; സസ്യംപോലെ വാടുകയും ചെയ്യും" (സങ്കീ 37:1-2).

ഒറ്റത്തടിയായി ആകാശംമുട്ടെ വളർന്നുനിൽക്കുന്ന അധർമി കാറ്റിലാടി ഉലയുമ്പോൾ താങ്ങിനിർത്താൻ സജ്ജനങ്ങളുടെ ശാഖകളില്ലാത്തതിനാൽ കടപുഴകി വീണുപോകും. പിന്നീടൊരിക്കലും ഉയർന്നുനിൽക്കാനാകാത്തവിധമാണതിന്റെ പതനം.

"ദുഷ്ടൻ കൊടുങ്കാറ്റിൽ നിപതിക്കുന്നു. നീതിമാനോ എന്നേയ്ക്കും നിലനിൽക്കുന്നു" (സുഭാ 10:25).

അധർമിയുടെ ഉയർച്ച നൈമിഷികമാണെന്നതുപോലെ നീതിമാന്റെ ദുഃഖവും സഹനവും നൈമിഷികമാണ്. ആയതിനാൽ നമുക്ക് സത്യത്തിൽ ജീവിക്കാം. ദൈവത്തിന്റെ കരുത്തുള്ള കരങ്ങൾ നമുക്ക് ശക്തി പകരും.

"കർത്താവിന്റെ വഴികൾ നീതിനിഷ്ഠവും അവിടുത്തെ പ്രവൃത്തികൾ കൃപാപൂർണവുമാണ്" (സങ്കീ 145:17) ■

ജീവൻ

# വാക്കുപറഞ്ഞാൽ വാക്കാണോ ?

ഷാരൂഖ് ഖാന്റെ ഡോൺ ടു എന്ന സിനിമയായിരുന്നു കൺമുന്നിൽ. ചില സുഹൃത്തുക്കളുമുണ്ട്. പെട്ടെന്ന് ഫോൺ റിങ് ചെയ്തു. ജിനീഷ്, ഒരു പഴയ സുഹൃത്താണ്. പ്ളസ് ടുവിന് കൂടെയുണ്ടായിരുന്നു. അവൻ പകുതി വച്ച് നിർത്തിപ്പോയതാണ്. ഇപ്പോൾ ഞാനടക്കം വളരെ



കുറച്ചുപേരോടുമാത്രമേ ബന്ധമുള്ളൂ. ഒരു ഇലക്ട്രിക്കൽസ് കടയിൽ ജോലിചെയ്യുന്നു. എന്തിനാണ് ഇപ്പോൾ ഇവൻ വിളിക്കുന്നത് ? എടുത്തില്ല. പിന്നെയും വിളിച്ചു രണ്ടുതവണ. എടുത്തില്ല. പടം കഴിയുമ്പോൾ തിരിച്ചുവിളിക്കാം.

പിന്നെ അക്കാര്യം ഓർക്കുന്നത് വൈകിട്ടാണ്. തിരിച്ചുവിളിച്ചപ്പോൾ അവൻ ചോദിച്ചു, നീയെന്താണ് ഉച്ചയ്ക്ക് ടൗണിൽ വരാതിരുന്നത്? ഇന്നു കാണാമെന്ന് പറഞ്ഞിരുന്നതല്ലേ? പെട്ടെന്ന് തലയിലൊരു വെള്ളിടി മിന്നി. രണ്ടാഴ്ച മുൻപ് അവനോട് പറഞ്ഞതാണ് ഇന്ന് നാട്ടിലുണ്ട്, കാണാമെന്ന്. ഞാൻ അതപ്പോഴേ മറന്നു.

നിനക്ക് ഇന്നലെ ഒന്നുവിളിക്കാമായിരുന്നില്ലേ?

എന്തായാലും വരുമെന്ന് നീ ഉറപ്പുപറഞ്ഞപ്പോൾ പിന്നെ വിളിക്കേണ്ടെന്ന് തോന്നി.

എന്നിട്ട് നീ ടൗണിൽ വന്നോ?

ഉവ്വ്, ഉച്ചമുതൽ ലീവായിരുന്നു. ഫോണെടുക്കാത്തപ്പോൾ എന്തെങ്കിലും തിരക്കായിരിക്കുമെന്ന് വിചാരിച്ചു. എങ്കിലും വരുമെന്ന് കരുതി. പിന്നെ അഞ്ചിന്റെ ബസ്സിനാണ് മടങ്ങിയത്.

ദൈവമേ.. എനിക്കുവേണ്ടി ഒരാൾ ലീവെടുത്ത് മൂന്നര മണിക്കൂർ വെയിലത്തുകാത്ത് നിന്നപ്പോൾ ഞാൻ ഷാരൂഖ് ഖാനെയും പ്രിയങ്ക ചോപ്രയെയും കണ്ട് എസി തിയറ്ററിൽ കൈയടിച്ചുകൊണ്ടിരുന്നു. ബസ് സ്റ്റോപ്പും തിയറ്ററും തമ്മിലുള്ള അകലം വെറും മീറ്ററുകളും. എന്നോടൊപ്പം കൂട്ടുകാർ പലരുണ്ടായിരുന്നു. അവൻ കാത്തുനിന്നത് എനിക്കായി മാത്രവും.

എന്നെ അധികം ചോദ്യം ചെയ്യാതെ ജിനീഷ് വീണ്ടും ചോദിച്ചു, ഇനിയെന്നാണ് നീ നാട്ടിൽ വരുന്നത്? ഫോണിൽ കരഞ്ഞാലുണ്ടാകുന്ന അപമാനം ഓർത്തിട്ട് ഞാൻ പെട്ടെന്ന് ഫോൺ വയ്ക്കുകയായിരുന്നു. ജിനീഷ് പ്രായോഗികത കുറഞ്ഞയാളാണ്. അതാണ് ഒന്നും ചിന്തിക്കാതെ എന്നെ കാത്തുനിന്നത്. എന്നെ വിശ്വസിച്ചത് അവന്റെ തെറ്റ്. അപ്പോൾ ഞാൻ പറഞ്ഞതോ? സംശയമില്ല, എന്റെ ഈ മറവിക്കു പേര് പാപം എന്നാണ്. ആർക്കും വാഗ്ദാനങ്ങൾ നൽകരുത്, നൽകിയാൽ അത് ലംഘിക്കരുത് എന്ന് ഒരു ഹിന്ദി പാട്ടുണ്ട്.

മദ്യം കഴിക്കില്ല എന്നത് അയാളുടെ തീരുമാനമായിരുന്നു. എത്ര പേർ, എത്രതവണ നിർബന്ധിച്ചിട്ടും അയാൾ വഴങ്ങിയില്ല.

ആരുടെ സ്വഭാവ സർട്ടിഫിക്കറ്റിനുവേണ്ടിയാടോ ഇത്? മദ്യപിക്കാതിരിക്കുന്നത് വലിയ പുണ്യമൊന്നുമല്ല.

ആണെന്നു ഞാൻ പറഞ്ഞോ? എനിക്ക് ആവശ്യമില്ല എന്നുതോന്നി. ആവശ്യമില്ലാത്തത് ഞാൻ എന്തിന് ഉപയോഗിക്കണം?

ഇതിന്റെ ടേസ്റ്റ് എന്താണെന്ന് അറിയാനെങ്കിലും?

ലോകത്തുള്ള എല്ലാറ്റിന്റെയും രുചി അറിയണമെന്ന് എനിക്ക് നിർബന്ധമില്ല.

ഇന്ന് താൻ കഴിച്ചില്ലെങ്കിൽ നമ്മുടെ ചങ്ങാത്തം ഇവിടെ വച്ച് തീരും.

യഥാർഥ സൗഹൃദത്തിന് ഒരുവ്യവസ്ഥകളും ഉണ്ടാകില്ലെന്ന് താൻ തന്നെയല്ലേ പറഞ്ഞിട്ടുള്ളത്. നമ്മുടെ സൗഹൃദത്തിന് ഇങ്ങനെ ഒരു വ്യവസ്ഥ വേണോ?

അവിടെ ചോദ്യകർത്താവ് തോറ്റിരുന്നു. വേണ്ട താൻ കുടിക്കേണ്ട. അല്ലെങ്കിലും ഇതൊരു നല്ല ശീലമല്ല. കൂട്ടുകാർ നിർബന്ധിച്ചാണ് കുടിതുടങ്ങിയത് എന്ന ന്യായീകരണത്തിന് വൈരുദ്ധ്യമായി ഇന്നും സന്തോഷ് മദ്യപിക്കാത്ത ആളായി തുടരുന്നു. തീരുമാനങ്ങൾക്ക് ഉറപ്പുണ്ടെങ്കിൽ സ്വാധീനങ്ങൾ നിഷ്പ്രഭമാകുമെന്നാണ് കാലം തെളിയിക്കുന്നത്.

നജീമിന് ഒരു പെട്ടിക്കടയുണ്ട്. കടയിലേക്ക് നോക്കുന്ന ആരും ആദ്യം കാണുന്നത് ബീഡിയും സിഗരറ്റും ഇല്ല എന്ന ബോർഡാണ്. അതുകാണുമ്പോഴേ മടങ്ങുന്നവരുണ്ട്. ഒരിക്കൽ നജീമിനെ അടുത്തുകിട്ടിയപ്പോൾ ചോദിച്ചു, നിങ്ങൾ ബീഡി വിൽക്കാതിരുന്നാൽ നാട്ടുകാർ വലി നിർത്തുമോ? അപ്പുറത്തെ കടയിൽ പോയി രണ്ടു പായ്ക്കറ്റ് അധികം വാങ്ങിപ്പോവുകയല്ലേ ഉള്ളൂ? പത്താം ക്ലാസ് പാസാകാത്ത നജീമിന്റെ ഉത്തരം ചിന്തയിലേക്കാണ് തറച്ചത്. സുഹൃത്തേ, പുകവലിയോട് എനിക്ക് യോജിപ്പില്ല. പക്ഷേ, ആരോടും പുകവലിക്കരുത് എന്ന് എനിക്കുപറയാനാകില്ല. അപ്പുറത്തെ കടക്കാരോട് ഇത് വിൽക്കരുത് എന്നും പറയാനാകില്ല. എനിക്ക് ചെയ്യാനാകുന്നത് ഞാൻ വഴി ആരും പുകവലിക്കാതെ നോക്കുക എന്നതും ബീഡി വിറ്റുള്ള കാശ് എന്റെ പെട്ടിയിൽ വീഴാതിരിക്കുക എന്നുള്ളതും മാത്രമാണ്, ഞാൻ അത്രയേ ചെയ്യുന്നുള്ളൂ. നജീമിനോട് ആ ബോർഡ് അൽപം കൂടി വലുതാക്കി എഴുതിവച്ചോളൂ എന്ന് പറഞ്ഞിട്ട് തിരിച്ചുനടന്നു. മൂല്യങ്ങൾ വ്യക്തികളുടെ സ്വഭാവമാണ്. മറ്റുള്ളവർ അതിനോട് എങ്ങനെ പ്രതികരിക്കുന്നു എന്നത് തികച്ചും അപ്രധാനമല്ലേ.

പരദൂഷണങ്ങളുടെയും ഗോസിപ്പുകളുടെയും ഒരു ഫാക്ടറിയാണത്. എത്തുന്നവരെല്ലാം കുറഞ്ഞത് രണ്ടുപേരുടെയെങ്കിലും കുറ്റം പറയണമെന്നത് നിയമം പോലെ. മുഖ്യമന്ത്രി മുതൽ മുന്നിലുള്ള ചായക്കടക്കാരൻ വരെ ഇരകളാകും. ഗോസിപ്പുകൾക്ക് കേൾവിക്കാരുടെ വക കൂട്ടിച്ചേർക്കലുമുണ്ടാകും. ഇനി ആ ഗ്രൂപ്പിൽ നിന്ന് ഒരാൾ വിടവാങ്ങിയെന്നിരിക്കട്ടെ, അടുത്ത സംസാരം അയാളെപ്പറ്റിയാകുമെന്നുറപ്പ്. ഇങ്ങനെ ലോകത്തുള്ള എല്ലാവരുടെയും അവിഹിതങ്ങളും രാജ്യത്തുള്ളവരുടെയെല്ലാം പിടിപ്പുകേടുകളും സംസ്ഥാനത്തുള്ളവരുടെയെല്ലാം അഴിമതികളും പറഞ്ഞും കേട്ടും ഒരാൾക്ക് മടുക്കുന്നു. ഒരുദിവസം അയാൾ മൗനിയാകുന്നു. അടുത്തദിവസം അയാൾ കഥകൾ പലതും തിരുത്തുന്നു, മറ്റൊരു ദിവസം അയാൾ പലരുടെയും നല്ലതുപറഞ്ഞുതുടങ്ങുന്നു. പതിയെ ആ ഗ്രൂപ്പിൽ ചെറിയൊരു വിള്ളൽ ഉണ്ടാകുന്നു. കുറ്റം മാത്രം പറയുന്നവരുടെ എണ്ണം കുറഞ്ഞു. കുറ്റങ്ങളുടെ എണ്ണവും കുറഞ്ഞു. ആരുടെയും കുറ്റം പറയില്ലെന്ന ഒരാളുടെ തീരുമാനത്തിലാണ് കാറ്റ് മാറിവീശിയത്. ഉറച്ച ബോധ്യങ്ങളിൽ നിന്നുള്ള പ്രവൃത്തികൾ സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുന്നത് കണ്ടിട്ടില്ലേ?

എല്ലാറ്റിനോടും വിട്ടുവീഴ്ചകൾ ചെയ്ത് ജീവിക്കാൻ എളുപ്പമാണ്. ചില മൂല്യങ്ങൾ ജീവിതത്തിൽ കാത്തുസൂക്ഷിക്കുന്നത് പലപ്പോഴും വെല്ലുവിളിതന്നെ. ധൈര്യമുള്ളവർ അത് സ്വീകരിക്കും. ഭീരുക്കൾ മൂല്യങ്ങളെ ഓരോന്നായി കൈവിട്ടുകളഞ്ഞിട്ട് അതിനെ ന്യായീകരിക്കാൻ ശ്രമിക്കും. ഭൂരിപക്ഷം ചെയ്യുന്നതാണ് ശരിയെന്നും ഇതുവരെ തുടർന്നുവന്നതാണ് ഉത്തമമമെന്നുമുള്ള ചിന്ത മാറ്റങ്ങളുണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് ചേർന്നതല്ല.

തെറ്റുപറ്റിയാൽ ക്ഷമ ചോദിക്കുന്നതല്ലേ, തർക്കിക്കുന്നതിനേക്കാൾ നല്ലത്? ചിന്തിച്ചെടുത്ത തീരുമാനങ്ങളിൽ ഉറച്ചുനിൽക്കുന്നതല്ലേ ധൈര്യം? കുറ്റങ്ങളെക്കാൾ നൻമകൾ കണ്ടെത്തുന്നതല്ലേ എളുപ്പം? നടക്കാത്ത വാഗ്ദാനങ്ങൾ ചെയ്യാതിരിക്കുന്നതല്ലേ മാന്യത? കലഹിക്കുന്നവരെക്കാൾ കരുണ കാണിക്കുന്നവരല്ലേ കൂടുതൽ വേണ്ടത്?


ജീവിതത്തിൽ മൂല്യങ്ങളുള്ളവരിലല്ലേ സമൂഹത്തിന്റെ പ്രതീക്ഷ? ■





## കവർസ്റ്റോറി

ജോസി ആലഞ്ചേരി



# ജീവിതത്തിന്റെ ആദ്യപാഠങ്ങൾ

മനുഷ്യവ്യക്തിത്വത്തിന്റെ പരിശീലനക്കളരിയാണ് കുടുംബം. കുടുംബത്തിൽ നിന്നു ലഭിക്കുന്നവയെ മറ്റു പരിശീലനരംഗങ്ങളിൽ നാം രൂപപ്പെടുത്തുകയാണ് ചെയ്യുക.

ഒരിക്കൽ ജയിംസ് എന്ന നാലര വയസ്സുകാരൻ തന്റെ മാതാവിനൊപ്പം ലണ്ടനിലെ തിരക്കേറിയ ഒരു ഷോപ്പിങ് മാളിൽ എത്തി. കുട്ടികളെ കളിക്കാനായി ഇരുത്തുന്ന സ്ഥലത്ത് ജയിംസിനെ ഇരുത്തിയിട്ട് സാധനങ്ങളെടുക്കുന്നതിനായി അമ്മപോയി. സാധനവും വാങ്ങി തിരികെയെത്തിയ അമ്മയ്ക്ക് ജയിംസിനെ കാണാനായില്ല. പോലീസിൽ പരാതിപ്പെട്ടിട്ടും കുട്ടിയെ കണ്ടെത്തിയില്ല. രണ്ടു ദിവസത്തിനുശേഷം ഒരു റെയിൽവേ പാതയിൽ ജയിംസിന്റെ പീഡനമേറ്റ മൃതശരീരം കണ്ടെത്തി. 11 വയസ്സുള്ള രണ്ടു കുട്ടികളെയാണു പ്രതികളായി പോലീസ് അറസ്റ്റു ചെയ്തത്.

വിചാരണ പ്രക്രിയയിൽ പങ്കെടുത്ത മനഃശാസ്ത്രജ്ഞരും, സാമൂഹ്യപ്രവർത്തകരും ഇവർ ഇനിയും കൊലചെയ്യാൻ സാധ്യതയുണ്ടെന്ന് വിധിയെഴുതി. മാതാപിതാക്കളോടുള്ള അമർഷമാണ് ഇതിനുപിന്നിലെന്ന് അവർ പ്രസ്താവിച്ചു. രണ്ടുകുട്ടികളുടെയും മാതാപിതാക്കൾ വിവാഹബന്ധം വേർപെടുത്തിയവരും, പുതിയ ജീവിത പങ്കാളികളുമായി ഒന്നിച്ചു ജീവിക്കുന്നവരുമാണ് ഇതിലൊരു കുട്ടിയുടെ അമ്മ ഗർഭിണിയുമാണ്. തന്റെ ഭവനത്തിലേയ്ക്കു കടന്നുവന്ന പുതിയ അപ്പനോടും ഗർഭസ്ഥശിശുവിനോടുമുള്ള അമർഷമാണ് ഈ കൊച്ചുകൂട്ടുകാരെ കൊലയാളികളാക്കി മാറ്റിയത്.

വി. കൊച്ചുത്രേസ്യാ തന്റെ അനുഭവം രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്. എനിക്ക് ഓർമവച്ചനാൾ മുതൽ നല്ലതല്ലാതെ വേറൊന്നും എന്റെ വീട്ടിൽ ഞാൻ കണ്ടിട്ടില്ല. അപ്പച്ചൻ പ്രാർഥിക്കുന്നത് കണ്ടാണ് ഞാൻ പ്രാർഥിക്കാൻ പഠിച്ചത്. പ്രാർഥിക്കുമ്പോഴും അല്ലാത്തപ്പോഴും അദ്ദേഹത്തിന്റെ മുഖം മാലാഖയുടേതുപോലിരിക്കും. വാക്കും പ്രവൃത്തിയും ഒന്നായിരുന്ന ഒരു അപ്പനെക്കുറിച്ചുള്ള മകളുടെ സാക്ഷ്യം. ഇന്ന് ആത്മീയ നേതൃത്വത്തിൽ നിൽക്കുന്ന ചില വ്യക്തികളുടെ മക്കളുമായി സംസാരിക്കുമ്പോൾ മക്കൾ പറയുന്നത് മാതാപിതാക്കളുടെ പുറത്തെ പ്രസംഗവും വീട്ടിലെ പെരുമാറ്റവും തമ്മിൽ യാതൊരു പൊരുത്തവും ഇല്ലെന്നാണ്. അതിനാൽ ഞങ്ങൾ ആത്മീയതയെ വെറുപ്പോടെയാണ് കാണുക എന്ന്.

മാതാപിതാക്കളോ മക്കളോ ജീവിതപങ്കാളിയോ ആരും തന്നെ കാണുന്നില്ല എന്നു തോന്നുമ്പോഴും സത്യസന്ധതയോടെ പെരുമാറുന്നതിനെയാണ് സത്യനിഷ്ഠയുള്ള സമഗ്ര വ്യക്തിത്വം (integrity) എന്നു പറയുക. ഇതൊരു മൂല്യം മാത്രമല്ല ഇതര മൂല്യങ്ങളെ സാധൂകരിക്കുന്നതും, ശക്തിപ്പെടുത്തുന്നതും, പുഷ്ടിപ്പെടുത്തുന്നതും, സങ്കേതമാക്കുന്നതുമാണ്.

ഇങ്ങനെ സമ്പൂർണതയുള്ള വ്യക്തികൾ കുടുംബങ്ങളിൽ രൂപപ്പെടുന്നില്ലാത്തതുകൊണ്ടാണ് സമൂഹത്തിൽ ധാർമികാധഃപതനം നടക്കുക.

ഓഫിസിൽനിന്നു പേനയും മറ്റും മോഷ്ടിച്ചുകൊണ്ടുവരുന്ന അപ്പനും, ആരും വീട്ടിലില്ലാത്തപ്പോൾ ഫോണിൽ തന്റെ പഴയ സ്വകാര്യസംഭാഷണങ്ങൾ തുടരുന്ന ഭാര്യയും ഫെയ്സ് ബുക്കിൽ കപട പ്രൊഫൈൽ പിക്ചേഴ്സിന്റെയും, താനുമായി ഒരു ബന്ധവുമില്ലാത്ത സ്റ്റാറ്റസ് മെസേജുകളുടെയും പിന്നിൽ പമ്മിയിരിക്കുന്ന മക്കളും കുടുംബത്തിന്റെ സത്യനിഷ്ഠയ്ക്കു കളങ്കം ചാർത്തുന്നവരാണ് ഇവിടെ സങ്കീർത്തകന്റെ വാക്കുകൾ നമുക്കോർക്കാം. "ഞാൻ എന്റെ ഭവനത്തിൽ പരമാർഥഹൃദയത്തോടെ വ്യാപരിക്കും. നീചമായ ഒന്നിലും ഞാൻ കണ്ണുവയ്ക്കുകയില്ല. വഴിപിഴച്ചവരുടെ പ്രവൃത്തി ഞാൻ വെറുക്കുന്നു. അതിന്റെ പിടിയിൽ ഞാൻ അകപ്പെടുകയില്ല. ഹൃദയവക്രത എന്നെ തീണ്ടുകയില്ല" (സങ്കീ 102:4-6).

സത്യനിഷ്ഠ ആഗ്രഹിക്കുന്ന ഒരു വ്യക്തിയുടെ തീരുമാനമായിരിക്കണം ഇത്.

എന്റെ അപ്പാപ്പന് വയസ്സ് 86. (ഞാൻ എന്റെ അച്ചായനെ അപ്പാപ്പൻ എന്നാണ് വിളിക്കുക) പ്രായത്തിന്റേതായ ബുദ്ധിമുട്ടുകൾ എല്ലാം ഉണ്ട്. പരസഹായം എല്ലാക്കാര്യങ്ങൾക്കും ആവശ്യമാണ്. എന്റെ ജോലി ദുബായിലും. ജോലി ഉപേക്ഷിക്കാൻ എനിക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. പലരും ഉപദേശിച്ചു മണ്ടത്തരം കാണിക്കല്ലേ... അവസരങ്ങൾ ഇനിയും ലഭിച്ചെന്നു വരികയില്ല. നിന്റെ ജീവിതം എങ്ങനെ മുമ്പോട്ടുപോകും? എന്റെ തീരുമാനത്തിന് ദൈവം ഫലം തന്നു. വരുമാനം കുറഞ്ഞാലും ദുബായിലെ ജോലി കളയാതെ അപ്പനെ നോക്കാൻ ദൈവം കനിഞ്ഞു. വാർധക്യത്തിലെത്തിയ അപ്പാപ്പനെ പരിചരിക്കുക എന്ന മൂല്യത്തിന് ഞാൻ വില നല്കിയപ്പോൾ ദൈവം എന്റെ ജീവിതത്തിൽ ഇടപെട്ടു.

സമഗ്രവ്യക്തിത്വത്തിന്റെ ഉടമകൾ തന്റെ ഭവനത്തിലുള്ളവരെ പ്രീതിപ്പെടുത്താനായി ഒന്നും ചെയ്യില്ല. ലോകം മുഴുവൻ ഇളകി മറിഞ്ഞാലും സത്യനിഷ്ഠയനുസരിച്ച് പ്രവർത്തിക്കുന്ന വ്യക്തി ശാന്തമായി കിടന്നുറങ്ങും.

ഡബ്ല്യൂ. ജെ. ടോംസ് ഇപ്രകാരം എഴുതിയിരിക്കുന്നു. "നിങ്ങൾ ജീവിക്കുന്നതെങ്ങനെയാണെന്നു സൂക്ഷിച്ചുകൊള്ളുക. ജനിച്ചുവീഴുന്ന കുഞ്ഞുങ്ങൾ ആദ്യം വായിക്കുന്ന ബൈബിൾ നിങ്ങളായിരിക്കും." ചില മാതാപിതാക്കൾ ഇന്നു മക്കളെ ശകാരിച്ച്, ഉപദേശിച്ച് വളർത്താൻ ശ്രമിക്കുന്നവരാണ്. സുവിശേഷാധിഷ്ഠിതമായ ജീവിതം നയിക്കുന്നവർക്കു മാത്രമേ ആധികാരികതയോടുകൂടി ഉപദേശിക്കാൻ സാധിക്കൂ. ഇക്കൂട്ടർ ഉപദേശിക്കാതെ തന്നെ മറ്റുള്ളവർ നന്നായിക്കൊള്ളും.

ഒരിക്കൽ മഹാത്മാഗാന്ധിയുടെ മുമ്പിൽ ഒരമ്മ തന്റെ കുട്ടിയെ കൊണ്ടുവരികയുണ്ടായി. അവന്റെ പല്ലിനു നന്നല്ലാത്തതുകൊണ്ട് കൂടുതൽ മധുരം കഴിക്കരുതെന്ന് അവനെ ഉപദേശിക്കാൻ അവർ ഗാന്ധിജിയോട് ആവശ്യപ്പെട്ടു. രണ്ടാഴ്ച കഴിഞ്ഞ് അവനെക്കൂട്ടിക്കൊണ്ട് വരാൻ ഗാന്ധിജി ആ സ്ത്രീയോടു പറഞ്ഞു. രണ്ടാഴ്ചകഴിഞ്ഞ് അവർ മടങ്ങിവന്നപ്പോൾ മധുരം കഴിക്കരുതെന്നു ഗാന്ധിജി കുട്ടിയെ ഉപദേശിച്ചു. അപ്പോൾ ആ അമ്മ ഗാന്ധിജിയോടു ചോദിച്ചു. "അന്ന് ഞങ്ങൾ വന്നപ്പോൾ അങ്ങേക്കിത് അവനോട് പറയാമായിരുന്നില്ലേ? എന്തിനാണ് വീണ്ടും വരാൻ അങ്ങ് ഞങ്ങളോട് ആവശ്യപ്പെട്ടത്?" "രണ്ടാഴ്ചയ്ക്ക് മുമ്പ് എനിക്ക് അവനെ ഉപദേശിക്കാൻ കഴിയുമായിരുന്നില്ല. ആ സമയത്ത് ഞാൻ തന്നെ വളരെയധികം മധുരം കഴിക്കുന്നുണ്ടായിരുന്നു. ഗാന്ധിജി മറുപടി പറഞ്ഞു.

കുടുംബത്തിലുള്ളവരെ ബഹുമാനിക്കാതെ പരസ്പരം ഈഗോവച്ചു പുലർത്തുകയും, താരതമ്യം ചെയ്തു സംസാരിക്കുകയും, പരസ്പര ധാരണയില്ലാതെ കാര്യങ്ങൾ തീരുമാനിക്കുകയും, തുറവിയില്ലാതെ പെരുമാറുകയും ചെയ്യുമ്പോൾ മുഖം മൂടിയണിഞ്ഞ വ്യക്തിത്വമാണ്, അഥവാ ഇരട്ടത്താപ്പു നയമുള്ളവരാണ് ഇതിന്റെ പിന്നിൽ എന്നു മനസ്സിലാക്കാം. ലക്ഷ്യം ഒരിക്കലും മാർഗത്തെ നീതീകരിക്കാൻ പാടില്ല. സത്യനിഷ്ഠയില്ലാത്തവൻ തന്റെ പ്രവൃത്തികളെ ന്യായീകരിക്കാൻ ഒരായിരം കാരണങ്ങൾ നിരത്തും. ലക്ഷ്യം എന്തുതന്നെയായാലും ഏതു മാർഗത്തിലൂടെയും അതു സാധിച്ചെടുക്കാം എന്ന ഈ പുതുയുഗത്തിന്റെ ചിന്ത ചിലരെയെങ്കിലും സ്വാധീനിക്കാറുണ്ട്. സമഗ്രതയുള്ള വ്യക്തിത്വത്തിന്റെ പരിശീലനക്കളരിയാകണം കുടുംബങ്ങൾ. അതിനുള്ള ചില വഴികൾ ചുവടെ ചേർക്കട്ടെ. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് ഇവയെക്കുറിച്ച് ചിന്തിക്കണം.

1. ദൈവത്തോടും കുടുംബാംഗങ്ങളോടും തുറവിയോടെ സത്യസന്ധമായി പെരുമാറുക, സംസാരിക്കുക.

2. സത്യം തുറന്നു സംസാരിക്കാനുള്ള സ്വാതന്ത്ര്യം/ധൈര്യം കുടുംബങ്ങളിൽ നൽകണം. സ്ഥിരം കള്ളം പറയുന്നവരുടെ ഉള്ളിൽ ഭയത്തിന്റെ ചിന്തകൾ കാണാം.

3. താരതമ്യം ചെയ്തു സംസാരിക്കാതിരിക്കുക.

4. ഒരു ചെറിയ തെറ്റുപറ്റിയാലും അതിന്റെ ഉത്തരവാദിത്വം എടുക്കുവാൻ സഹായിക്കുക.

5. സത്യസന്ധമായി നേടിയതിനെ പ്രോൽസാഹിപ്പിക്കുകയും തെറ്റിനെ ശാസിക്കുകയും തെറ്റുചെയ്തവരെ സ്നേഹിക്കുകയും ചെയ്യുക ■

---

*Scan with your smart phone*

# പഞ്ചാബിന്റെ കുഞ്ഞുമിഷനറിമാർ

കൗമാരക്കാർക്ക് മിഷൻ അനുഭവം നൽകാനായി ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയ 'ചലോ പഞ്ചാബ്' മിഷൻ യാത്രയിൽ 23 പേരാണ് പങ്കെടുത്തത്. 10 മുതിർന്ന ലീഡേഴ്സും മൂന്ന് ഫെയ്ത് ഗൈഡുകളും സംഘത്തിലുണ്ടായിരുന്നു. 11 സംസ്ഥാനങ്ങളിൽ നിന്നുള്ളവർ മേയിലെ പഞ്ചാബ് മിഷനു വന്നു. ഡൽഹിക്കു സമീപമുള്ള ഓഖ്‌ല ഡോൺ ബോസ്ക് സെന്ററിൽ നിന്നാണ് യാത്ര തുടങ്ങിയത്. വളരെ അപരിചിതമായ സ്ഥലങ്ങളിലും ജീവിത സാഹചര്യങ്ങളിലും അവർ ഈശോയെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും പങ്കുവച്ചു. പ്രായത്തിന്റെ ആവേശവും മിഷനറിമാരുടെ ചൈതന്യവും ചേർന്നപ്പോൾ അവർ മടിയോ മടുപ്പോ കൂടാതെ വചനം പങ്കുവച്ചു. ഗ്രാമവാസികൾ അവരെ സന്തോഷത്തോടെ സ്വീകരിച്ചു. അവർ പറഞ്ഞത് ശ്രദ്ധയോടെ കേട്ടു. അവരോടൊപ്പം പ്രാർഥിച്ചു. എല്ലാറ്റിനും ഉപരിയായി ഈ യാത്ര അവരുടെ ജീവിതങ്ങളെയും മാറ്റിമറിച്ചു. വിശ്വാസത്തിന്റെ പുതിയ തലങ്ങളിലേക്കും ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നവ്യാനുഭവങ്ങളിലേക്കും അവരെ ചലോ പഞ്ചാബ് കൈപിടിച്ചുനടത്തി. ചിലരുടെ അനുഭവങ്ങളിലേക്ക്.

## അവരുടെ മുഖം ഇന്നും തെളിയുന്നു

*സുപ്രിയ കെർക്കേട്ട, പഞ്ചാബ്.*

ചലോ പഞ്ചാബ് എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ അനുഭവങ്ങളിലൊന്നായിരുന്നു. ആദ്യത്തെ ദിവസം ഡൽഹി ഡോൺ ബോസ്കോയിൽ എത്തിയപ്പോൾ മറ്റുള്ളവരോട് ഇംഗ്ളീഷിൽ സംസാരിക്കാൻ എനിക്കുബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും എല്ലാവരുടെയും സ്നേഹത്തോടെയുള്ള പെരുമാറ്റം കണ്ടപ്പോൾ വലിയ ആശ്വാസമായി.

ജീവിതത്തിലാദ്യമായി മനസ്സുതുറന്നൊന്ന് കുമ്പസാരിക്കുന്നത് ഈ പ്രോഗ്രാമിലാണ്. ദിവ്യകാരുണ്യ ആരാധനയുടെ സമയത്ത് എനിക്കുണ്ടായ അനുഭവം പറഞ്ഞറിയിക്കാനാകാത്തതായിരുന്നു. വിൽസൺ ഭായി നേതൃത്വം നൽകിയ ആരാധനയിൽ എനിക്ക് പരിശുദ്ധാത്മാവിന്റെ വലിയ നിറവാണുണ്ടായത്.

മിഷനുവേണ്ടി ഞങ്ങൾ പോയത് റായ്പൂർ ഗ്രാമത്തിലേക്കായിരുന്നു. അവിടെയുള്ളവർ ഞങ്ങളെ വളരെ സ്നേഹത്തോടെ സ്വീകരിച്ചു, അവിടത്തെ പരിമിതമായ സാഹചര്യങ്ങളിൽ ജീവിതം അൽപം കഠിനമായിരുന്നെങ്കിലും പതിയെ ഞാൻ അവരിലൊരാളായി.

ഞങ്ങൾ അവരുമായി വചനം പങ്കുവച്ചു. കുട്ടികളെ ആക്ഷൻ സോങ് പഠിപ്പിച്ചു. പ്രാർഥനയെക്കുറിച്ചും കൂദാശകളെക്കുറിച്ചും പറഞ്ഞുകൊടുത്തു. ജലന്ധറിലും പംഗ സ്കൂളിലും പള്ളിയിലും ഞങ്ങൾ പ്രോഗ്രാമുകൾ നടത്തി.

ഞങ്ങൾ മടങ്ങാനൊരുങ്ങിയപ്പോൾ നിറഞ്ഞ കണ്ണുകളോടെയാണ് അവർ ഞങ്ങളെ യാത്രയാക്കിയത്. ഇപ്പോഴും അവരുടെ മുഖങ്ങൾ എന്റെ മനസ്സിൽ നിന്നുമായുന്നില്ല. ഇപ്പോഴും ഫോൺ വിളികളിലൂടെ വളരെ ഹൃദ്യമായി ആ ബന്ധം തുടരുന്നു.

## എന്റെ മിഷൻ അവസാനിക്കില്ല

*ഗുൽഷൻ റോംഗാങ്, അസം.*

ഷിക്പാട്ടി എന്ന ഗ്രാമത്തിലെ പംഗ ഇടവകയായിരുന്നു എന്റെ മിഷൻ സ്ഥലം. അവിടത്തെ ഓരോ വീട്ടിലും ചെന്ന് ഈശോയെക്കുറിച്ചും കത്തോലിക്കാ വിശ്വാസത്തെക്കുറിച്ചും പറയാൻ എന്തുരസമായിരുന്നെന്നോ? നമ്മൾ ഈശോയെക്കുറിച്ച് പറയുമ്പോൾ അവർ കുട്ടികളും യുവാക്കളും വയസ്സായവരുമെല്ലാം വളരെ ശ്രദ്ധയോടെ കേട്ടിരിക്കും. ആ സമയത്തുണ്ടായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്നെത്തന്നെ അത്ഭുതപ്പെടുത്തി.

ഞാൻ ഉറപ്പുപറയുന്നു, ഈ ഷിക്പാട്ടി ഗ്രാമത്തിൽ എന്റെ മിഷൻ അവസാനിക്കില്ല. എവിടെച്ചെന്നാലും ഞാൻ ഒരു മിഷനറി ആയിരിക്കും. ചലോയിലേക്ക് എന്നെ വിളിച്ച ജീസസ് യൂത്തിലെ ചേട്ടൻമാർക്കും ചേച്ചിമാർക്കും നന്ദി.

## പട്ടാളക്കാരും കരയാറുണ്ട്

*രോഹിത് ടോപ്പോ, ജാർഖണ്ഡ്.*

ചലോ പഞ്ചാബിൽ എനിക്ക് മറക്കാനാകാത്ത ചില അനുഭവങ്ങളാണ് പങ്കുവയ്ക്കുന്നത്.

ഏറെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളുമുള്ള വീടുകളിൽ ചെല്ലുമ്പോൾ അവിടത്തെ സാഹചര്യമനുസരിച്ച് വചനത്തിലൂടെ ദൈവം ഞങ്ങൾക്ക് ഉത്തരം നൽകി. മറ്റുള്ളവരോട് സംസാരിക്കാനും ഇടപഴകാനും പേടിയായിരുന്ന എനിക്ക് ഈശോയുടെ നാമത്തിൽ എല്ലാവരുമായും അടുത്തിടപഴകാൻ സാധിച്ചു. ചപ്പാത്തി ഉണ്ടാക്കിയും പാത്രംകഴുകിയുമെല്ലാം അവിടത്തെ കുടുംബങ്ങളോടൊപ്പം സമയം ചെലവഴിച്ചപ്പോൾ എന്റെ വീടിനടുത്ത കുടുംബങ്ങളിലും ഇത്തരത്തിൽ ഈശോയെ പങ്കുവയ്ക്കണമെന്ന് എനിക്കുതോന്നി. ഓരോ കുടുംബത്തിലെയും ബുദ്ധിമുട്ടുകൾ കണ്ടുമനസ്സിലാക്കിയപ്പോൾ, ഈ തിരിച്ചറിവുകളാണ് ഒരു മിഷനറിയെ വചനപ്രഘോഷണത്തിന് പ്രചോദിപ്പിക്കുന്നതെന്ന് എനിക്കു മനസ്സിലായി. അവർക്കുവേണ്ടി വിശ്വാസത്തോടെ ഞാൻ പ്രാർഥിച്ചു.









ഓരോ കുടുംബത്തിലും ഞാൻ ഈശോയെ കണ്ടു, അവിടത്തെ സ്നേഹം അനുഭവിച്ചു.

അതിർത്തിമേഖലയിൽ പട്ടാളക്കാരുമായി സംസാരിച്ചത് ഞാൻ ഓർക്കുന്നു, അവരോടൊപ്പം പ്രാർഥിച്ചപ്പോൾ അവരുടെ കണ്ണുനിറയുന്നത് ഞാൻ കണ്ടു. അപ്പോൾ ഞാൻ ഒരു തീരുമാനമെടുത്തു, നമ്മുടെ അതിർത്തി കാക്കുന്ന പട്ടാളക്കാർക്ക് വേണ്ടി എന്നും പ്രാർഥിക്കുമെന്ന്.

## ഈശോയെക്കുറിച്ച് എല്ലാവർക്കും കേൾക്കണം

*കെൽവിൻസൺ ടെറോൺ, അസം.*

ദൈവകൃപയുടെ അതിമനോഹരമായ ഒരു അനുഭവമായിരുന്നു ചലോ പഞ്ചാബ്. എല്ലാ വിശ്വാസികളും ഇത്തരം ഒരുകൃപയുടെ വാതിലിനുമുൻപിലാണ് നിൽക്കുന്നത് എന്നുതോന്നുന്നു. ഈ വാതിലിലൂടെ അകത്തേക്ക് കടക്കുവാൻ ദൈവം നമ്മെ സ്നേഹത്തോടെ ക്ഷണിക്കുകയാണ്.

മിഷനുപോകുന്നതിന് മുൻപ് എനിക്ക് നന്നായി പ്രാർഥിക്കാൻ സാധിച്ചിരുന്നില്ല. പക്ഷേ, അവിടെച്ചെന്നപ്പോൾ ഞാൻ ഈശോയെക്കുറിച്ച് പറയുന്നത് കേൾക്കുവാൻ എത്രപേരായിരുന്നെന്നോ? ഈശോയെക്കുറിച്ച് പറയുവാൻ ഇങ്ങനെ ഒരവസരം അവിടുന്ന് തന്നതിനെ ഓർത്ത് എനിക്ക് ഒരുപാട് സന്തോഷമായി. അവിടുത്തെ ശിഷ്യനാകുക എന്നതും ശിഷ്യത്വം പകരുക എന്നതും വലിയ വെല്ലുവിളികളാണെന്ന് എനിക്കു മനസ്സിലായി. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കാനും മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കാനും ഞാൻ തീരുമാനിച്ചു.

## ഭാഷ പോലും പ്രശ്നമല്ല

*ലേയ ജോയ്, ചാലക്കുടി.*

ആദ്യം അവിടത്തെ രീതികളോട് പൊരുത്തപ്പെടാൻ പറ്റിയില്ല. ഭാഷ വലിയൊരു പ്രശ്നമായിരുന്നു. എങ്കിലും ഗ്രാമവാസികളുടെ സ്നേഹം സത്യത്തിൽ എന്നെ സ്പർശിച്ചു. ആദ്യമായിട്ടാണ് കാണുന്നതെങ്കിലും ഒരുപാട് നാളത്തെ അടുത്ത ബന്ധമുള്ളവരെപ്പോലെയാണ് അവർ പെരുമാറിയത്. ഭാഷ പോലും ഞങ്ങളുടെ ഇടയിൽ പ്രശ്നമല്ലാതായി. ഞങ്ങൾ പറയുന്നത് അവർ ശ്രദ്ധിച്ചുകേട്ടു, ഞങ്ങളോട് അവർ വിഷമങ്ങൾ പങ്കുവച്ചു. ഞങ്ങൾക്ക് എപ്പോഴും ഭക്ഷണവും ചായയുമെല്ലാം തരാൻ അവർക്ക് വലിയ ഉൽസാഹമായിരുന്നു.

എന്നെ ആകർഷിച്ച മറ്റൊരുകാര്യം അവിടത്തെ അക്രൈസ്തവ സഹോദരങ്ങളുടെ പെരുമാറ്റമായിരുന്നു. തങ്ങളുടെ വീടുകളിലും വരണമെന്ന് അവർ ശഠിച്ചു. അവരോടൊപ്പം പ്രാർഥിക്കാനും അഭ്യർഥിച്ചു. ഹൃദ്യമായ സ്വീകരണമാണ് അവിടെയും ഞങ്ങൾക്ക് ലഭിച്ചത്. ഈശോയെ എല്ലാവർക്കും വേണമെന്ന വലിയ ബോധ്യമാണ് ഇതിൽ നിന്നു ഞങ്ങൾക്ക് ലഭിച്ചത് ■

---

*Scan with your smart phone*

**അനുഭവം**

നിർമൽ ജോൺ

# വിശ്വാസം ആരുടെ ആവശ്യം



ഫെയ്സ്ബുക്കിലെ ഒരു പോസ്റ്റ് കണ്ടു. വിശ്വാസികളോട് തന്നെ ആരാധിക്കണമെന്ന് നിർബന്ധം പിടിക്കുന്ന ദൈവത്തെ കളിയാക്കുകയായിരുന്നു അയാളുടെ ലക്ഷ്യം. ഏതോ നിരീശ്വരരുടെ ഗ്രൂപ്പിൽ നിന്ന് ഷെയർ ചെയ്തതാണ്. ഒരാൾക്ക് നിരീശ്വരനാകാൻ അവകാശമുണ്ടെന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ. കാരണം അയാൾ ഇല്ലെന്ന് പറഞ്ഞാൽ ദൈവം ഇല്ലാതാകില്ലെന്ന് എനിക്കുറപ്പുണ്ട്.

ദൈവത്തെ വെറും പ്രാഞ്ചിയേട്ടൻ നിലവാരത്തിൽ വിലയിരുത്തുന്നതിനാലാണ് ഇങ്ങനെയൊരു പോസ്റ്റ് പിറന്നതെന്നു തോന്നുന്നു. കാരണം നമ്മൾ മനുഷ്യർ നന്ദി ചോദിച്ചുവാങ്ങുന്നവരും ചെയ്യുന്ന എല്ലാ നന്മകൾക്കും കൃത്യമായ പത്രവാർത്തയും ചാനൽ ബൈറ്റും വേണമെന്ന് നിർബന്ധമുള്ളവരുമാണല്ലോ. എന്നിട്ട് നിന്നെ ഞാൻ സ്നേഹിച്ചിട്ട് ഇതല്ലേ എനിക്കുതിരികെ കിട്ടിയത് എന്ന് ചോദിക്കുകയും ചെയ്യും.

തനിക്ക് ഇഷ്ടമില്ലാത്ത വിവാഹം കഴിച്ച മകളെ പടിയടച്ചു പിണ്ഡം വയ്ക്കുന്ന അപ്പനെ നാം ന്യായീകരിക്കുന്നത് അങ്ങനെയല്ലേ ?

ഇങ്ങനെയാണോ ദൈവം? അങ്ങനെയായിരുന്നെങ്കിൽ ഇവിടെ ദൈവ കൽപനകൾ ലംഘിക്കുന്നവരുടെ പൊടി പോലും കാണില്ലായിരുന്നല്ലോ. എന്തിന് ഈ കുറിപ്പ് എഴുതാൻ ഞാനും ഉണ്ടാകില്ലായിരുന്നു. സത്യം. അങ്ങനെ ചിന്തിച്ചുവന്നപ്പോഴാണ് മറ്റൊരു കാര്യം. നിരീശ്വരവാദികളോടുപോലും ദൈവം കാണിക്കുന്ന ഒരു വലിയ സഹിഷ്ണുത ഉണ്ട്. അല്ലെങ്കിൽ ജനിക്കുമ്പോഴേ, ഒരുവനെ ദൈവം സ്വന്തം അടിമയാക്കുമായിരുന്നല്ലോ. പക്ഷേ, അവിടുന്ന് നമ്മളെ മക്കളെന്നു വിളിച്ചു. പിതാവെന്ന് പരിചയപ്പെടുത്തി.

എനിക്ക് ജീവിക്കാൻ ദൈവം വേണമെന്ന് തോന്നിയിട്ടില്ല എന്ന് പ്രഗൽഭനായ എൻജിനീയറും യുക്തിവാദിയുമായ ഒരാൾ എന്നോട്

ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ആലോചിച്ചുനോക്കുമ്പോൾ ശരിയാണ്. അയാളുടെ ജീവിതത്തിൽ ഒന്നിനും കുറവില്ല. നല്ല ബുദ്ധി, ഉന്നത ജോലി, ആവശ്യത്തിനു പണം, നല്ല കുടുംബജീവിതം. ഇതിലെല്ലാം അയാളെക്കാൾ പല പടി താഴെയാണ് വിശ്വാസിയായ ഞാൻ.

അങ്ങനെ എനിക്ക് ആന്തരിക മുറിവായി. അവിശ്വാസിയായ എൻജിനീയറാണോ ഞാനാണോ വലുതെന്ന് ഞാൻ ക്രിസ്തുവിനോട് ചോദിച്ചു. ചില ദിവസങ്ങൾ കഴിഞ്ഞപ്പോളാണ് അതിനു മറുപടിയായി ചില ബോധ്യങ്ങൾ വന്നത് (പണ്ടും അങ്ങനെയാണ്, ക്രിസ്തു നേരിട്ട് വന്ന് എന്നോട് ഒന്നും പറയാറില്ല). അവിടുന്ന് ചോദിക്കുകയാണ്, കൂട്ടില്ല എന്നു പറയുമ്പോൾ ഇന്നലെ തന്ന നെയിംസ്ലിപ്പുകൾ ഇപ്പോ തിരിച്ചുതരണം എന്ന തരത്തിൽ പ്രതികരിക്കാൻ ഞാനെന്താ രണ്ടാം ക്ളാസ് വിദ്യാർഥിയോ? ശരിയാണ്. എൻജിനീയർ തന്നെ മൈൻഡ് ചെയ്തില്ല എന്നുപറഞ്ഞ് അയാളോട് കൊതികുത്താനും പണികൊടുക്കാനും ഈശോ നമ്മെ പോലെ ചീപ്പല്ല. എൻജിനീയർ ഇനിയും നേട്ടങ്ങൾ കൊയ്യും, അവാർഡുകൾ വാരിക്കൂട്ടും, ചിലപ്പോൾ പത്മശ്രീയും കിട്ടും. അപ്പോളും അയാൾക്ക് ഒന്നു നഷ്ടപ്പെടും; ഇതെല്ലാം നൽകിയവനെ.

ശത്രുക്കളെയും സ്നേഹിക്കുന്ന ശീലമുള്ളവനിൽ നിന്ന് ഇതല്ലേ പ്രതീക്ഷിക്കേണ്ടത്. ശാസ്ത്രപുരോഗതിയുടെ പേരിൽ ദൈവത്തെ പുച്ഛിക്കുന്നവരുണ്ട്. അപ്പോഴും ഭൂമിക്ക് ഗുരുത്വാകർഷണം നൽകിയവനും പൊട്ടെൻഷ്യൽ വ്യത്യാസത്തിനിടയിൽ ഇലക്ട്രോണുകളെ ഓടിച്ച് കറന്റ് ഉണ്ടാക്കുന്നവനും രണ്ടു ബീജകോശങ്ങളെ ചേർത്തുവച്ച് പുതിയ ജീവൻ സൃഷ്ടിക്കുന്നവനുമായ അവൻ ചിരിക്കുന്നുണ്ടാകും. എന്നിട്ട് താൻ ആദിയിൽ ചെയ്തുവച്ച എന്തെങ്കിലും ഒരുകാര്യം അവർക്കുമുന്നിൽ വെളിപ്പെടുത്തും. അവർ അതിനെ പുതിയ കണ്ടുപിടിത്തമെന്ന് ആഘോഷിക്കുകയും ചെയ്യും.

മറ്റൊരു തമാശയുണ്ട്. മിശ്രവിവാഹം ചെയ്ത ചിലർ വിശ്വാസ സംബന്ധിയായ ചില ചോദ്യങ്ങൾ അപകടമാകുമെന്നറിഞ്ഞ് നിരീശ്വരവാദിയാണെന്ന് സ്വയം ലേബലൊട്ടിക്കുന്നുണ്ട്. അതിന്റെ പേരിൽ അവർക്ക് കുട്ടികളുണ്ടാകാതിരിക്കുമെന്നൊന്നും പേടിക്കേണ്ട. കാരണം പ്രതികാരം ദൈവത്തിന്റെ രീതിയല്ല. സൃഷ്ടാവിനെ അറിയേണ്ടത് സൃഷ്ടിയുടെ കടമയാണ്. ക്രിസ്തുവെന്ന സ്നേഹത്തെ നേടേണ്ടത് നമ്മുടെ ആവശ്യമാണ് ■

---


ക്യാംപസ് യുവത്വത്തിന്റെ ആഘോഷം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ഒത്തുചേരുന്നു. ആത്മീയതയുടെയും സൗഹൃദത്തിന്റെയും മനോഹര നിമിഷങ്ങൾ, ജീവിതങ്ങളെ മാറ്റിമറിക്കുന്ന ബോധ്യങ്ങൾ, പുതിയ ജീവിത ദൗത്യങ്ങൾ... യുവാക്കളെ ക്രിസ്തു വിളിക്കുന്നു.




*Scan with your smart phone*

ക്യാംപസ് വിദ്യാർഥികൾക്കായി ജീസസ് യൂത്ത് കേരള ഒരുക്കുന്ന പ്രോഗ്രാം **YOU**

**ഓഗസ്റ്റ് 8 മുതൽ 11 വരെ.**

അങ്കമാലി, വിശ്വജ്യോതി പബ്ളിക് സ്കൂളിൽ. റജിസ്ട്രേഷൻ ജൂലൈ 20 വരെ മാത്രം. ഫീസ് 500 രൂപ.



കേരള ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ***പെട്രോ പോളോ*** പ്രോഗ്രാമിന്റെ ഭാഗമായി ചത്തീസ്ഗഡിലേക്ക് മിഷൻ യാത്ര നടത്തിയ സംഘം.

18 മാസങ്ങളിലായി വിവിധ പരിശീലന പരിപാടികളിലൂടെ നടന്ന പെട്രോ പോളോയിൽ ഒട്ടേറെപ്പേർ പങ്കെടുത്തു. സംസ്ഥാനതലത്തിലും സോണൽ തലത്തിലും ഒത്തുചേരലുകളും മിഷൻ യാത്രകളും ടാലന്റ് ഗ്യാതറിങ്ങും ഉൾപ്പെടുന്നതായിരുന്നു പരിശീലനം.




വിശ്വാസ വർഷാചരണവുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 13 മുതൽ 16 വരെ നടക്കുന്ന ജീസസ് യൂത്ത് കേരള റീജിയൻ ഫെയ്ത് കോൺഫറൻസിന്റെ പോസ്റ്റർ പ്രകാശനം ചെയ്തപ്പോൾ



ഡിഗ്രി പഠനം പൂർത്തിയാക്കിയ ജീസസ് യൂത്ത് നേതാക്കൾക്കുവേണ്ടി നടന്ന മാസ്റ്റർ ബിൽഡേഴ്സ് ട്രെയിനിങ് പ്രോഗ്രാമിൽ പങ്കെടുത്തവർ



ഡോ. സൂസി ജോസ്

# സന്തോഷം അടുത്തു തന്നെയുണ്ട്

എനിക്ക് ഉള്ളുതുറന്ന് ഒന്നു പ്രാർഥിക്കുവാൻപോലും ആകാത്തവിധം എന്റെ മനസ്സ് കലുഷിതമാണ്. ഒന്നിലും ശ്രദ്ധകേന്ദ്രീകരിക്കുവാനോ മറ്റുള്ളവരുമായി വൈമനസ്യമില്ലാതെ ഇടപെടുവാനോ സാധിക്കുന്നില്ല. ജീവിതത്തോടു തന്നെ മടുപ്പും വെറുപ്പുമാണെനിക്ക്. ചേച്ചിക്ക് എന്നെയൊന്നു സഹായിക്കാനാവുമോ?

ഒരു പതിനെട്ടുവയസ്സുകാരന്റെ ഫോൺ വിളിയുടെ ഒരേ ഒരുദ്ദേശ്യം ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുവാനുള്ള എന്തെങ്കിലും ചെപ്പടിവിദ്യ ഉണ്ടോ എന്നറിയുക മാത്രമായിരുന്നു. ജീവിതത്തോട് മടുപ്പും വെറുപ്പും തോന്നി എന്തൊക്കെയോ കാട്ടിക്കൂട്ടുന്ന ഇന്നത്തെ കൗമാരത്തിന്റെ ഒരു പ്രതിനിധി മാത്രമാണ് ഈ കുട്ടി. ഇന്നത്തെ മാധ്യമസംസ്കാരവും പാശ്ചാത്യരാജ്യങ്ങളിൽനിന്ന് നാം സ്വീകരിച്ച സംസ്കാരങ്ങളും ഇവരെ വല്ലാതെ ശ്വാസം മുട്ടിക്കുകയാണ്. ദിശാബോധം നഷ്ടപ്പെട്ട ഒരുപറ്റം കുട്ടികൾ അനുഭവിക്കുന്ന മാനസികസമ്മർദം അവരെ ജീവിതം അവസാനിപ്പിച്ചാലോ എന്നുപോലും ചിന്തിക്കുന്നതും ചിലപ്പോഴൊക്കെ അങ്ങനെ ചെയ്യുന്നതുമായ അവസ്ഥയിൽ എത്തിക്കുകയാണ്. ഇതിനെല്ലാം പരിഹാരമായി ചെയ്യാവുന്ന ഒരേയൊരുകാര്യം മാനസികപിരിമുറുക്കം ഒഴിവാക്കാനുള്ള വഴികളിലൂടെ കടന്നുപോവുക എന്നതാണ്.

മാനസികോല്ലാസത്തിനും ഉന്മേഷത്തിലും ഉതകുന്ന കാര്യങ്ങളെ തിരിച്ചറിയുക. എല്ലാം മറന്ന് ജീവിതം ആസ്വദിക്കണമെന്നും അതിന് ഏതുമാർഗവും ഉപയോഗിക്കാമെന്നുമുള്ള ചിന്താഗതി ഉപേക്ഷിക്കുക. ജീവിതം ഒരു ദൈവികദാനമാണെന്നും ഒരേയൊരു തവണ മാത്രമേ ജീവിക്കാൻ അവസരം ലഭിക്കുകയുള്ളുവെന്നും മനസ്സിനെ ബോധ്യപ്പെടുത്തിക്കൊണ്ടേയിരിക്കുക. നമ്മുടെ ജീവിതം സ്വയം ഇല്ലാതാക്കി നമ്മുടെ മാതാപിതാക്കളെയും നമ്മെ സ്നേഹിക്കുന്നവരെയും അതിലുപരി ദൈവത്തെയും ദുഃഖിപ്പിക്കാൻ നമുക്കെന്ത് അവകാശമാണുള്ളത്? നമുക്ക് ദാനമായി ലഭിച്ച ജീവിതവും ആരോഗ്യവും സുഖസൗകര്യങ്ങളും ഇവയൊന്നും ലഭിക്കാതെപോയ വ്യക്തികളെ ഓർമിച്ചെങ്കിലും വിവേകത്തോടെ വിനിയോഗിക്കാം. ധാരാളം വായിക്കാനും നല്ല സൗഹൃദങ്ങൾ നിലനിർത്താനും ഹോബിയിൽ ശ്രദ്ധകേന്ദ്രീകരിക്കാനും കളികളിൽ ഏർപ്പെടുവാനും ഒക്കെ പരിശ്രമിക്കാം. ഞാനാഗ്രഹിക്കുന്ന വഴിക്കൊക്കെ യഥേഷ്ടം യാത്ര ചെയ്യാൻ എനിക്കാവുന്നില്ല എന്നൊരവസ്ഥയുണ്ടാകുമ്പോഴാണല്ലോ മടുപ്പും വിരസതയും വൈരാഗ്യവുമൊക്കെ ഉണ്ടാകുന്നത്. ജീവിതം സുഖങ്ങളുടെ മാത്രമൊരു അവസ്ഥയായിരുന്നെങ്കിൽ സൃഷ്ടാവിനെ സൃഷ്ടി തിരിച്ചറിയുമായിരുന്നോ? പ്രപഞ്ചങ്ങളിൽ സന്തുലിതാവസ്ഥ നിലനിൽക്കുമായിരുന്നോ? നീതിയും ധർമവും സാഹോദര്യവും ഉണ്ടാകുമായിരുന്നോ? ഏതൊരവസ്ഥയിലൂടെയാണോ ഞാൻ കടന്നുപോകുന്നത് അവിടെയുള്ള പ്രതിസന്ധികളെ തരണം ചെയ്ത് സന്തോഷം കണ്ടെത്തിക്കൂടേ?

വിരസതയും വൈമനസ്യവും അതൃപ്തിയും അധൈര്യവും ഒക്കെ ഉണ്ടാകുമ്പോൾ പ്രാർഥിക്കാനും ശ്രമിച്ചുനോക്കാം. ഫ്രഞ്ച് എഴുത്തുകാരനായിരുന്ന ജോർജ് ബർണാനോഡ് പറയുന്നതിപ്രകാരമാണ്: "പ്രാർഥിക്കാനുള്ള ആഗ്രഹം തന്നെ ഒരു പ്രാർഥന ആയിക്കഴിഞ്ഞു." ഇന്നുവരെ തിരിച്ചറിഞ്ഞിട്ടുള്ളതിൽവച്ച് ഏറ്റവും തീവ്രമായ നിരാശയും, ഭീതിയും, നിസ്സഹായതയും അനുഭവിച്ച കർത്താവിന്റെ ആ നിലവിളി നിസ്സഹായരാണെന്ന് കരുതുന്ന ഏതൊരു വ്യക്തിയുടെയും ഹൃദയത്തിൽനിന്നുയരുമ്പോൾ അതിന് പ്രത്യുത്തരം ലഭിക്കുക തന്നെ ചെയ്യും. "എന്റെ ദൈവമേ, എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു" (മർക്കോ 15:34). നമ്മുടെ ഹൃദയത്തിൽനിന്നും ഈ നിലവിളി ഉയരാനങ്ങനെ തന്നെ അനുവദിക്കൂ. നിസ്സഹായവസ്ഥയിലുള്ള ആ നിലവിളി തന്നെ ഒരു പ്രാർഥനയായി മാറിയേക്കാം.

വ്യക്തമായ ലക്ഷ്യത്തോടെ ജീവിതത്തെ ക്രമപ്പെടുത്താൻ കൗൺസിലിങ്ങുകളും പരിശീലനക്കളരികളുമൊക്കെ ഏറെ ഉപകാരപ്രദങ്ങളാണ്. മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളുമൊക്കെയായി സുദൃഢമായ സ്നേഹബന്ധത്തിലായിരിക്കുവാൻ ശ്രമിക്കണം. കൗമാരക്കാർക്ക് എപ്പോഴും ഏറെ പ്രിയം കുടുംബത്തിനു പുറത്തുള്ള വ്യക്തിബന്ധങ്ങളാണെന്ന് തോന്നാറുണ്ട്. എന്നാൽ ശാശ്വതമായ ബന്ധങ്ങൾ കുടുംബബന്ധങ്ങൾ തന്നെയാണ്. അതിന്റെ ഊഷ്മളതയും സുരക്ഷിതത്വവുമൊന്നും മറ്റെവിടെയും ലഭിക്കില്ല. ദൈവത്തോടും കുടുംബാംഗങ്ങളോടുമുള്ള ബന്ധം ഉറപ്പുള്ളതായിക്കഴിയുമ്പോൾ മറ്റെല്ലാ ബന്ധങ്ങളും ശരിയായ ദിശയിലായിക്കൊള്ളും. ജീവിതസൗഭാഗ്യങ്ങൾ കർത്താവിനോടൊപ്പം ചേർന്ന് നേടാൻ ശ്രദ്ധിക്കുക. മാധ്യമങ്ങളിൽ കാണുന്ന ആഹ്ലാദത്തിമിർപ്പല്ല യഥാർഥ സൗഭാഗ്യമെന്ന് തിരിച്ചറിയുക ■

*സ്നേഹപൂർവം, സൂസിച്ചേച്ചി*



## വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

# ഫ്രാൻസിസ് മാർപ്പാപ്പ വിലയിരുത്തപ്പെടുന്നു.

"പുതിയ മാർപാപ്പയുടെ പ്രഭാഷണങ്ങളിലും പ്രസ്താവനകളിലും നിറഞ്ഞുനിൽക്കുന്നത് 'അദ്വൈതി'യായ ഒരു ജ്ഞാനിയുടെ ലക്ഷണമാണ്... മറ്റു മതങ്ങളെ നിന്ദിക്കാതെയും അവഗണിക്കാ



തെയും സംസാരിക്കാൻ പറ്റുന്ന ആരെയെങ്കിലും കാണിച്ചു തരാൻ പറ്റുമോ? ഇപ്പോൾ ഒരാൾ മാത്രമുണ്ട്, പുതിയ മാർപാപ്പ..."

*പെരുമ്പളം ആർ. ബാലകൃഷ്ണൻനായർ (2013 ജൂൺ 23 കേരള ശബ്ദം).*

കേരളശബ്ദം വാരികയിലെ കത്തുകളിൽ നിന്നും എടുത്തതാണ് മേൽ പറഞ്ഞത്. ട്രെയിനിലിരുന്ന് വാരിക വായിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. പുതിയ മാർപാപ്പയെക്കുറിച്ചുള്ള പൊതു സമൂഹത്തിന്റെ വിലയിരുത്തലായി അതെനിക്കു തോന്നി. വായനയ്ക്കു ശേഷം വാരിക മടക്കി ബാഗിൽ വച്ചു. കുറച്ചുസമയത്തിനുശേഷം ട്രെയിൻ അടുത്ത സ്റ്റേഷനിൽ നിർത്തിയപ്പോൾ എന്റെയടുത്ത് ഒഴിവുണ്ടായിരുന്ന സീറ്റിൽ വന്നിരുന്നത് ഒരു മുസ്ലീം സഹോദരനായിരുന്നു. പരിചയപ്പെട്ട് സംസാരം തുടങ്ങി. പലകാര്യങ്ങളും ചർച്ച ചെയ്തതിനിടയിൽ അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: ലോകത്ത് സത്യസന്ധനും മാതൃകയുമായ ഒരാൾ മാത്രമേയുള്ളൂ. അത് പുതിയ മാർപാപ്പയാണ്.

ഇതു കേട്ടപ്പോൾ എന്റെ ഹൃദയം കോരിത്തരിച്ചു. കാരണം, വെറും ഒരു മണിക്കൂറിനുള്ളിലാണ് ഒരു ഹിന്ദുവിന്റെയും മുസൽമാന്റെയും പ്രതികരണം ഞാൻ കേട്ടത്. പൊതു സമൂഹത്തിന്റെ ഈ വിലയിരുത്തൽ സാർവത്രികസഭ ഒന്നടങ്കം മനസ്സിലാക്കിയിരുന്നെങ്കിൽ!

ഈ വിലയിരുത്തലുകൾ നമുക്കു തരുന്ന സന്ദേശം ഇതാണ്, സഭ എന്തായിരിക്കണമെന്ന് പൊതു സമൂഹത്തിന് ഒരു കാഴ്ചപ്പാടുണ്ട്. അത് ഇപ്പോഴത്തെ മാർപാപ്പയിൽ അവർ ദർശിക്കുന്നു. നിഷ്ക്കളങ്കത, വിനയം, പാവങ്ങളോടുള്ള പക്ഷംചേരൽ ഇവയായിരിക്കണം സഭയുടെ മുഖമെന്ന് ഇതരമതത്തിലുള്ളവർ ആഗ്രഹിക്കുന്നു. ഇങ്ങനെയാണ് യേശുവിനെ നൽകേണ്ടതെന്ന് പരോക്ഷമായി അവർ സൂചിപ്പിക്കുന്നു.

ഇവിടെയാണു നാം സ്വയം വിലയിരുത്തൽ നടത്തേണ്ടത്. നാം നടത്തുന്ന സ്ഥാപനങ്ങൾ ഇത്തരത്തിലുള്ള അഭിപ്രായ രൂപീകരണത്തിനു കാരണമാകുന്നുണ്ടോ? നിലവിൽ നമ്മുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോ? മറ്റുള്ളവർ ആകർഷിക്കപ്പെടുമായിരുന്ന ഏതെങ്കിലും ഗുണങ്ങൾ നമ്മിൽ നിന്നും ചോർന്നു പോയിട്ടുണ്ടോ? സഭയെന്നു വച്ചാൽ സമ്പന്നർക്കുവേണ്ടിയുള്ള സംവിധാനമാണെന്നു മറ്റുള്ളവർ കരുതുന്നുണ്ടോ?

നാം എന്താണ് ആകേണ്ടതെന്ന് ഇതരമതസ്ഥർ പ്രതികരണങ്ങളിലൂടെ നമ്മെ ചൂണ്ടിക്കാണിക്കുന്നു. ഏതായാലും സഭാതലവൻ മാതൃക കാണിച്ചുതന്നു എന്നത് എത്ര ആശ്വാസകരമാണ്.

## കെ.സി.ബി.സി.യുടെ ആഹ്വാനം സ്വീകരിക്കുമാറാകട്ടെ.

സാമുദായിക ധ്രുവീകരണം വിപത്തു സൃഷ്ടിക്കുമെന്ന കെ. സി.ബി.സി.യുടെ ആഹ്വാനം അവസരോചിതമായി. എന്താണിപ്പോൾ കേരളത്തിൽ നടക്കുന്നത്? ഓരോ സമുദായത്തിലുള്ളവരുടെയും എണ്ണത്തിനനുസരിച്ച് എല്ലാരംഗത്തും വിഭജനം നടത്തുവാൻ പറ്റുമോ? ചില നേതാക്കൾ പറഞ്ഞുപറഞ്ഞ് അതിരുകടക്കുന്നു. ഓരോരുത്തരുടെയും മെറിറ്റ് നോക്കിയിട്ടാണ് ഓരോ സ്ഥാനങ്ങളും നൽകേണ്ടത്. അല്ലാതെ ജനിച്ച ജാതി നോക്കിയിട്ടല്ല. തന്റെ പ്രവർത്തനങ്ങളിൽ മതേതരത്വം പാലിക്കുന്ന ഉമ്മൻചാണ്ടിക്കുപോലും ഒരു ക്രൈസ്തവനായതുകൊണ്ട് എന്തെല്ലാം ആക്ഷേപങ്ങൾ കേൾക്കേണ്ടി വരുന്നു.

വകുപ്പുകൾക്കുവേണ്ടിയുള്ള കടിപിടിയും ഒരു ജനാധിപത്യ സർക്കാരിനു ഭൂഷണമല്ല. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം മാലിന്യത്തിന്റെ ആധിക്യവും വിഷമുള്ള ഭക്ഷണ പദാർത്ഥങ്ങളുമാണ്. ഇതു വിൽക്കുന്നവർ ഗൾഫ് രാജ്യങ്ങളിലോ യൂറോപ്യൻ രാജ്യങ്ങളിലോ ആയിരുന്നെങ്കിൽ ഒട്ടുമിക്കവരും ജയിലിൽ കിടക്കേണ്ടിവരുമായിരുന്നു. അത്രയ്ക്കും ആരോഗ്യത്തിനു ഹാനികരമായവയാണ് ഇവിടെ വിറ്റഴിക്കപ്പെടുന്നത്. മലയാളിയുടെ വിവരമില്ലായ്മയെ ചൂഷണം ചെയ്യാൻ വളരെയെളുപ്പമാണ്. പരസ്യത്തിന്റെയപ്പുറത്തേക്കു നോക്കാനുള്ള വിവേകം മലയാളിക്കു ജന്മനാ ലഭിച്ചിട്ടില്ലെന്നു തോന്നുന്നു. മാലിന്യ നിർമാർജനവും ഭക്ഷണവിഷവും പരിഹരിക്കാൻ കഴിയുന്ന വകുപ്പ് ഏതെങ്കിലും ഇല്ലെങ്കിൽ ഉണ്ടാക്കി ജനത്തെ രക്ഷിക്കാൻ ഒരു നേതാവിനും തോന്നുന്നില്ലല്ലോ, ഹാ കഷ്ടം!

സ്വാർഥലാഭത്തിനുവേണ്ടി ജാതിയെ കൂട്ടുപിടിച്ച് പുകിലുണ്ടാക്കുന്നവർ അതിൽനിന്നു പിൻവലിയണം. ഇങ്ങനെ പോയാൽ സ്പോർട്സിൽ മത്സരിക്കുന്നവർ പോലും സമ്മാനം മേടിക്കുന്നത് ജാതി തിരിച്ചു മതിയെന്ന് ചിലർ വാദിച്ചെന്നിരിക്കും.

## കപ്പളത്തിന്റെ ഇല അഥവാ പപ്പായ ഇല നൽകുന്ന സന്ദേശം

മഴ ശക്തിപ്രാപിച്ചതോടുകൂടി പലവിധ രോഗങ്ങളും കടന്നുവരുന്നു. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് ഡെങ്കിപ്പനി. സമയത്തു ചികിത്സ കിട്ടിയില്ലെങ്കിൽ മരണകാരണമാണിത്. നിരവധിപേർ ഡെങ്കിപ്പനി വന്ന് കേരളത്തിൽ മരിക്കുകയും ചെയ്തു. പനിവന്ന് ആശുപത്രി വാസം നടത്തിയാൽ ആയിരക്കണക്കിന് രൂപ ചെലവാകും. ഇതിനിടയിലാണ് ഇതിനൊരൊറ്റമൂലി കണ്ടുപിടിച്ചത്. പപ്പായയുടെ തളിരില ഇടിച്ചുപിഴിഞ്ഞ് രണ്ടുദിവസം സേവിച്ചാൽ മതി, രോഗം പമ്പ കടക്കും. തമിഴ്നാട്ടിൽ ഇത് കഴിഞ്ഞവർഷം വിജയകരമായി പരീക്ഷിച്ചതുമാണ്. ഔഷധമൂല്യമുള്ളതാണ് പപ്പായ. കറി വയ്ക്കാനും പഴം തിന്നാനും ബഹുകേമം. ഏതു വീട്ടിലും രണ്ടു ചുവടുനട്ടുപിടിപ്പിച്ചാൽ ഒരു ബുദ്ധിമുട്ടുമില്ല. സ്ഥിരം ഉപയോഗിച്ചാൽ പനിയെന്നല്ല പല രോഗങ്ങളും മാറി നിൽക്കും. പക്ഷേ, മലയാളിക്ക് ഇതൊന്നും അത്ര പിടിക്കില്ല. ടി.വി.-യിൽ പരസ്യമായി വരണം. സിനിമാതാരമോ, ക്രിക്കറ്റുതാരമോ അതു നല്ലതാണെന്നു പറയണം. എങ്കിൽ എത്ര വില കൊടുത്തും അതു വാങ്ങിത്തിന്നും.

ഏതൊരു സമൂഹത്തിനും അന്നാട്ടിൽ സമൃദ്ധമായുണ്ടാകുന്ന വിളകളാണ് ഏറ്റവും യോജിച്ചത്. അതു പാടെ ഉപേക്ഷിച്ച് രോഗം വരുത്തുന്ന കൃത്രിമ ഭക്ഷണം കഴിക്കാൻ ആർത്തിപൂണ്ടുനടക്കുന്നവർ പ്രകൃതി നൽകുന്ന വരദാനങ്ങളെ ഉപേക്ഷിക്കാതിരിക്കുക ■





# കലപില

അരുൺ ആന്റണി

## കാത്തലിക് ക്രിസ്റ്റ്യൻ ഔട്ടിറീച്ച് (CCO)

കാനഡയിൽ യൂണിവേഴ്സിറ്റികൾ കേന്ദ്രികരിച്ചു പ്രവർത്തിക്കുന്ന കത്തോലിക്കാ അൽമായ മുന്നേറ്റമാണ് കാത്തലിക് ക്രിസ്റ്റ്യൻ ഔട്ട്റീച്ച് CCO. 1988 -ൽ കാനഡയിൽ സാസ്കാച്യുൻ യൂണിവേഴ്സിറ്റിയിൽ ആന്ദ്രേ റെഗ്നർ - ആൻജലേറെഗ്ർ ദമ്പതികളാണ് CCO തുടക്കം കുറിക്കുന്നത്. ഇന്ന് മുന്നേറ്റത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന വേളയിൽ കാനഡയിലെ 11 യൂണിവേഴ്സിറ്റികളിൽ സജീവസാന്നിധ്യമായി CCO മാറിക്കഴിഞ്ഞു. കത്തോലിക്കാ വിശ്വാസം അതിന്റെ പൂർണതയിൽ ജീവിക്കുവാനും ലോകത്തെ നവീകരിക്കുന്ന നേതൃത്വമാകുവാനും CCO യുവതലമുറയെ പ്രചോദിപ്പിക്കുന്നു. 'Impact - Canada' മിഷൻ 'Rise-up' കോൺഫറൻസ് എന്നിവ CCO-യുടെ ശ്രദ്ധേയമായ തുടക്കങ്ങളാണ്.

ജൂൺ ആദ്യവാരത്തിൽ CCO-യുടെ തുടക്കക്കാരൻ ആന്ദ്രേ റെഗ്നറിന്റെയും പ്രസിഡന്റ് ജെഫ് ലെക്കോട്ടിന്റേയും നേതൃത്വത്തിൽ

CCO PARTNER

10- അംഗ നേതൃത്വം ഇന്ത്യ സന്ദർശിക്കുകയുണ്ടായി. ജീസസ് യൂത്ത് നേതൃത്വത്തോടൊപ്പം കൂടിക്കാഴ്ച, ജീസസ് യൂത്ത് പ്രാർഥനാ ഗ്രൂപ്പ് സന്ദർശനങ്ങൾ, ദേശീയ ക്യാംപസ് നേതൃത്വത്തിനുള്ള പരിശീലനം തുടങ്ങിയവ 10 ദിവസം നീണ്ടുനിന്ന സന്ദർശനത്തിന്റെ ഭാഗമായിരുന്നു. CCO മുന്നേറ്റത്തെപ്പറ്റി കൂടുതൽ അറിയുവാൻ www.cco.ca

## ചില നേർകാഴ്ചകളൊരുക്കി താങ്ക് യൂ

ഒരു അജ്ഞാതനായ ചെറുപ്പക്കാരൻ (ജയസൂര്യ) കേരളത്തിൽ ഭരണ സിരാകേന്ദ്രമായ നഗരത്തിൽ നടത്തുന്ന ബോംബ് ഭീഷണികളുടെയും അതിനെ പിന്തുടരുന്ന ഭാസ്കർ (സേതു) എന്ന പൊലീസ് ഓഫിസറുടെയും സഞ്ചാരത്തിൽ നിന്നാണ് താങ്ക് യു എന്ന ചിത്രം ആരംഭിക്കുന്നത്. രണ്ടാം പകുതിയിലെത്തുമ്പോൾ ദൈവത്തിന്റെ സ്വന്തം നാടിനെ അതല്ലാതാക്കി മാറ്റുന്ന സാമൂഹ്യ തിൻമകളെക്കുറിച്ചും വൈകല്യങ്ങളെക്കുറിച്ചുമുള്ള നേർക്കാഴ്ചയാകുന്നു സിനിമ. ഫോർത്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന പ്രിന്റ്, വിഷ്വൽ മീഡിയയുടെയും യു ട്യൂബ് തുടങ്ങിയ ന്യൂമീഡിയയുടെയും സാധ്യതകൾ ഉപയോഗിച്ച് നൈതിക ബോധം, സഹാനുഭൂതി തുടങ്ങിയ മൂല്യങ്ങളെ ഉണർത്താനും അടയാളപ്പെടുത്താനും ശക്തമായ ഒരു ഉപാധിയായിട്ടുണ്ട് ഈ ചലച്ചിത്രം.




പല സീക്വൻസുകളും സീനുകളും പുതുമയുള്ള ഒട്ടേറെ ചിന്തകൾ നൽകുന്നു എന്നതിനാൽ മൊത്തത്തിലുള്ള ചില പൊരുത്തക്കേടുകൾ നമുക്കു പൊറുക്കാവുന്നതേ ഉള്ളൂ. പ്രമേയത്തിലും സമീപനത്തിലും നിരന്തരം വ്യത്യസ്തതകൾ പുലർത്തുന്ന വി.കെ. പ്രകാശ് സംവിധാനം നിർവഹിച്ച ഈ ചിത്രത്തിന്റെ രചന അരുൺ ലാലാണ്.

# പുസ്തകം സമ്മാനം




അനേകരെ ആകർഷിക്കുകയും പ്രചോദിപ്പിക്കുകയും വിശ്വാസവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരമാവുകയും ചെയ്യുന്ന കെയ്റോസ് മാസികയിലെ യുക്തിയും വിശ്വാസവും എന്ന പംക്തി തയാറാക്കുന്ന ജോബി തോമസ് കട്ടപ്പന എഴുതിയ പുതിയ പുസ്തകം **യേശു: ദൈവവും ചരിത്രപുരുഷനും**

**പേജുകൾ 180, വില 100 രൂപ**

ജൂലൈ 31–നകം 500 രൂപ നൽകി കെയ്റോസിന്റെ ത്രിവർഷ വരിക്കാരാകുന്നവർക്ക് ഈ പുതിയ പുസ്തകം സൗജന്യമായി നൽകുന്നു

കെയ്റോസ് നിങ്ങളുടെ ഭവനത്തിൽ/ജോലിസ്ഥലത്ത്/കാമ്പസിൽ ലഭിക്കുവാൻ ഈ ഫോം പൂരിപ്പിച്ച ശേഷം മണിഓർഡർ/ ഡി.ഡി. സഹിതം അയയ്ക്കുക

**വരിസംഖ്യ കൂപ്പൺ**

പേര്: ....................................................................................................

അഡ്രസ്സ്: ....................................................................................................

....................................................................................................

ജില്ല: ..........................................................പിൻ: ..........................................................

മൊബൈൽ: ..................................ഇമെയിൽ..........................................................

പണമടയ്ക്കുന്ന രീതി: മണിഓർഡർ/ഡിഡി. തുക: ..........................................................

**വരിസംഖ്യ ഒരു വർഷത്തേക്ക് ₹180**

വിലാസം: കെയ്റോസ്, എമ്മാവൂസ് എച്ച്.എം.ടി.കോളനി.പി.ഒ.,എറണാകുളം–683503 ഫോൺ: 0484 2558825, 9447742672. Email: kairosmag@gmail.com, www.kairos.jesusyouth.org ചെക്കും ഡ്രാഫ്റ്റും കെയ്റോസ്, എറണാകുളം എന്ന പേരിലാണ് എടുക്കേണ്ടത്. ബാങ്ക് ട്രാൻസ്ഫർ ആയി പണമടയ്ക്കുന്നവർ, മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളോടൊപ്പം കോഡ് നമ്പർ ചേർത്ത് ഈമെയിൽ അയയ്ക്കുക.

**Account Holder:** Kairos Trust **A/c No.:** 13060100110898 **Bank:** Federal Bank **Branch:** Kalamassery
**IFSC Code:** FDRL 0001012

www.kairos4youth.blogspot.in

facebook

കെയ്റോസ് വിശേഷങ്ങൾ
ഓരോദിവസവും അറിയാനും
വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും
**facebook.com/Readkairos**
ലൈക്ക് ചെയ്യുക.


## യൂത്ത് റിട്രീറ്റ്

ആത്മീയാഘോഷത്തിന്റെ മൂന്ന് ദിനങ്ങൾ...
യുവത്വത്തിന്റെ തിളക്കമാർന്ന ജീവിതശൈലി യേശുവിൽ രൂപപ്പെടുത്താനൊരവസരം.
തീയതി: ജൂൺ 6–ന് വൈകുന്നേരം 6.00 മുതൽ 9–ന് ഉച്ചയ്ക്ക് 1.00 വരെ

ആലുവ വിമൽ ജ്യോതി റിന്യൂവൽ സെന്ററിൽ. ഫീസ്: ₹ 450
ആലുവ – പെരുമ്പാവൂർ പ്രൈവറ്റ് റൂട്ടിൽ നാലാം മൈൽ സ്റ്റോപ്പ്

**ജീസസ് യൂത്ത് കേരള ടീം ധ്യാനം നയിക്കുന്നു.** ഫോൺ: 94953 46906 / 98953 71709 / 0484 2555980

KAIROS Reg No: KL/CT/90/2012-14 RNI No. KERMAL/2002/12027 Licence No. KL/PMG/NR/WPP/22/KKD/2012-14 ₹15.00
Licence to post without prepayment of postage




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Ernakulam-682041. Ph. 9847900555. Place of publication Kairos, Emmaus, HMT Colony P.O Ernakulam-683503. Editor Dr. Chackochan Njavallil, Parathodu, Kanjirapally, Kottayam-686512